بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 1

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 34

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 ഒക്ടോബർ 27/ഹി:ശം:1395 ഇഖാ 27/ഹി:ഖ: 1438 മുഹർറം 25

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 2016 സെപ്റ്റംബർ 23 ന് ബയ്ത്തുൽ ഫുതൂഹ് മോർഡൻ,ബ്രിട്ടണിൽ ജുമുഅ ഖുത്ബ നിർവഹിച്ചു.അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരിഹീ.

**ഒന്നാമതായി തന്റെ നബിമാർക്കും മുർസലീംകൾക്കും ലോകത്തിന്റെ ഒരുപാട് ഭാഗങ്ങളിൽ അവരുടെ നാമം വ്യാപിക്കപ്പെടുന്നത്ര നീട്ടിക്കൊടുക്കുക എന്നത്  ദൈവികമായ നടപടി ക്രമമാണ്. അവരുടെ വാദത്തെ കുറിച്ച് ജനങ്ങൾ അറിയുന്നു. പിന്നീട്  ദൈവികമായ അടയാളങ്ങളും ബുദ്ധിപരമായ തെളിവുകളും അനുകരണങ്ങളോടുമൊപ്പം ജനങ്ങളിൽ ന്യായപൂർത്തി വരുത്തുകയും ചെയ്യുന്നു.**

**ഇപ്രകാരം ദൈവകല്പനയാൽ ദൈവദൂതന്മാർക്ക് പ്രശസ്തി നല്കപ്പെടുന്നു. അല്ലാഹുവിന്റെ മലക്കുകൾ ഭൂമിയിൽ ഇറങ്ങുകയും ഏതൊരു വഴിയാണോ നിങ്ങൾ സ്വീകരിച്ചുവച്ചിട്ടുള്ളത് അത് ശരിയല്ലെന്ന് സൗഭാഗ്യരുടെ മനസ്സിൽ ഇടുകയും ചെയ്യുന്നു. അപ്പോൾ അത്തരം വ്യക്തികൾ സത്യമായ വഴി അന്വേഷിക്കാൻ തുടങ്ങുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ചോദ്യം:** ക്ഷണം എത്തുക എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണ്?

**മറുപടി:** ക്ഷണം എത്തിച്ചുകൊടുക്കുന്നതിൽ രണ്ടു കാര്യങ്ങൾ നിർബന്ധമാണ്. ഒന്നാമതായി അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടയാൾ താൻ അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടയാളാണെന്ന് ജനങ്ങളെ അറിയിക്കണം. അവർക്ക് അവരുടെ തെറ്റുകളെ കുറിച്ച് അറിയിച്ചുകൊടുക്കണം; ഇന്ന ഇന്ന വിശ്വാസങ്ങളിൽ നിങ്ങൾ തെറ്റിലാണെന്ന്. അല്ലെങ്കിൽ ഇന്ന ഇന്ന കർമപരമായ അവസ്ഥകളിൽ നിങ്ങൾ അലസരാണെന്ന്. രണ്ടാമത്തേത് ദൈവികമായ അടയാളങ്ങളും ബുദ്ധിപരമായ തെളിവുകളും അനുകരണങ്ങളുംകൊണ്ട് താൻ സത്യവാനാണെന്ന് സ്ഥാപിക്കുക. ഒന്നാമതായി തന്റെ നബിമാർക്കും മുർസലീംകൾക്കും ലോകത്തിന്റെ ഒരുപാട് ഭാഗങ്ങളിൽ അവരുടെ നാമം വ്യാപിക്കപ്പെടുന്നത്ര നീട്ടിക്കൊടുക്കുക എന്നത്  ദൈവികമായ നടപടി ക്രമമാണ്. അവരുടെ വാദത്തെ കുറിച്ച് ജനങ്ങൾ അറിയുന്നു. പിന്നീട്  ദൈവികമായ അടയാളങ്ങളും ബുദ്ധിപരമായ തെളിവുകളും അനുകരണങ്ങളോടുമൊപ്പം ജനങ്ങളിൽ ന്യായപൂർത്തി വരുത്തുകയും ലോകത്ത് അമാനുഷികമായ നിലയിൽ പ്രശസ്തി നല്കുകയും ചെയ്യുന്നു. തെളിമയാർന്ന അടയാളങ്ങളോടുകൂടി ന്യായപൂർത്തി വരുത്തുക എന്നത് അല്ലാഹുവിന്റെ പക്കൽ അസംഭാവ്യമല്ല. ഞൊടിയിടയിൽ ആകാശത്തിന്റെ ഒരു ഭാഗത്ത് മിന്നെറിയുകയും അപ്പോൾത്തന്നെ മറ്റേ ഭാഗത്ത് വ്യാപിക്കുകയും ചെയ്യുന്നത് നിങ്ങൾ കാണുന്നതുപോലെ. ഇപ്രകാരം ദൈവകല്പനയാൽ ദൈവദൂതന്മാർക്ക് പ്രശസ്തി നല്കപ്പെടുന്നു. അല്ലാഹുവിന്റെ മലക്കുകൾ ഭൂമിയിൽ ഇറങ്ങുകയും ഏതൊരു വഴിയാണോ നിങ്ങൾ സ്വീകരിച്ചുവച്ചിട്ടുള്ളത് അത് ശരിയല്ലെന്ന് സൗഭാഗ്യരുടെ മനസ്സിൽ ഇടുകയും ചെയ്യുന്നു. അപ്പോൾ അത്തരം വ്യക്തികൾ സത്യമായ വഴി അന്വേഷിച്ചു തുടങ്ങുന്നു. മറുഭാഗത്ത് കാലത്തിന്റെ ഇമാമിന്റെ വാർത്ത ആ ആളുകൾക്ക് എത്തുംവിധമുള്ള കാര്യഹേതുക്കൾ അല്ലാഹു ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു. പേരിന് കൊള്ളക്കാരനായിട്ടുള്ളവൻ അല്പ ദിവസംകൊണ്ട് കുപ്രസിദ്ധിയോടുകൂടി ലോകം മുഴുവൻ അറിയപ്പെടുന്നവനാകാൻ കഴിയുമെന്നതാണ് ഇക്കാലഘട്ടത്തിന്റെ പ്രത്യേകത. അങ്ങനെയുള്ളപ്പോൾ അല്ലാഹു എപ്പോഴും സമീപത്തുള്ള ദാസർ ലോകത്ത് പ്രശസ്തരാകാതിരിക്കുകയും മറഞ്ഞിരിക്കുന്നവരാകുകയും ആകുമോ. അവർക്ക് പ്രശസ്തി നല്കാൻ അല്ലാഹു ശക്തനല്ലേ[1]. എന്റെ ന്യായപൂർത്തിവരുത്തുന്നതിനും തന്റെ ആദരണീയനായ നബിയുടെ ദീനിന്റെ പ്രചാരണത്തിനും മുൻകഴിഞ്ഞ ഒരു നബിമാർക്കും ലഭ്യമല്ലാതിരുന്ന സാധനസാമഗ്രികൾ അല്ലാഹുവിന്റെ കൃപാവരം എനിക്കായി നിശ്ചയിച്ചുവെച്ചിട്ടുള്ളത് ഞാൻ കാണുന്നു. എന്റെ കാലത്ത് വിവിധ രാജ്യങ്ങളുമായുള്ള ബന്ധങ്ങൾക്കായി യാത്രയ്ക്ക് റയിലും കമ്പിയും പോസ്റ്റൽ സംവിധാനവും സമുദ്രയാത്രയ്ക്കും കരയാത്രയ്ക്കുമുള്ള സംവിധാനവും എത്രകണ്ട് വർധിച്ചുവെന്നാൽ ഇപ്പോൾ സകല രാജ്യങ്ങളും ചേർന്ന് ഒറ്റ രാജ്യമായിരിക്കുകയാണ്. എന്നല്ല ഒരു നഗരംപോലെയായിരിക്കുകയാണ്. ഒരാൾ ലോകം ചുറ്റാനാഗ്രഹിച്ചാൽ അവന് കുറഞ്ഞ കാലയളവിൽ ലോകം മുഴുവൻ ചുറ്റിക്കറങ്ങി തിരിച്ചെത്താൻ കഴിയും. ഇതിനു പുറമെ ഗ്രന്ഥരചന എത്രമാത്രം സുഗമവും എളുപ്പവുമായിരിക്കുന്നുവെന്നാൽ വലിയ ഗ്രന്ഥങ്ങളുടെ കുറച്ചുഭാഗങ്ങൾ എഴുതാൻ നൂറുവർഷം എടുത്തിരുന്ന സ്ഥാനത്ത് ലക്ഷക്കണക്കിന് പ്രതികൾ ഒന്നുരണ്ടു വർഷംകൊണ്ട് എഴുതിത്തീർക്കുകയും എല്ലാ രാജ്യങ്ങളിലും പ്രസിദ്ധീകരിക്കാൻ സാധിക്കുകയും ചെയ്യാൻ പറ്റിയ അച്ചാണികൾ കണ്ടുപിടിച്ചിരിക്കുന്നു. എല്ലാ രീതിയിലും പ്രബോധനത്തിനും എത്രമാത്രം എളുപ്പമുണ്ടായിരിക്കുന്നുവെന്നാൽ നമ്മുടെ രാജ്യത്ത് ഇന്നേക്ക് നൂറു വർഷംമുമ്പേ അവയുടെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. ഇന്നേയ്ക്കു മുമ്പേ, 50 വർഷത്തിൽ ദൃഷ്ടിപതിപ്പിക്കുകയാണെങ്കിൽ ഭൂരിഭാഗമാളും നിരക്ഷരരായിരുന്നുവെന്നും  അജ്ഞരായിരുന്നുവെന്നും സ്ഥാപിതമാകും. എന്നാൽ, ഇന്ന് ഗ്രാമങ്ങളിലുൾപ്പെടെ ധാരാളം മദ്രസകളുണ്ടായ കാരണത്താൽ മതപരമായ ഗ്രന്ഥങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുംവിധം വൈജ്ഞാനിക കഴിവുകൾ ജനങ്ങൾ കരസ്ഥമാക്കിയിരിക്കുന്നു. എന്നിൽനിന്ന് പ്രബോധന പ്രവർത്തനം എന്താണുണ്ടായതെന്നാൽ ഞാൻ പഞ്ചാബിലും ഇന്ത്യയിലെ അമൃതസർ,  ലാഹോർ, ജലന്ധർ, സിയാൽക്കോട്ട്, ദില്ലി, ലുധിയാന തുടങ്ങിയ ചില പട്ടണങ്ങളിലെ വൻസമ്മേനളനങ്ങളിൽ നേരിട്ടുപോയി അല്ലാഹുവിന്റെ സന്ദേശമെത്തിക്കുകയുണ്ടായി. ആയിരക്കണക്കിന് മനുഷ്യരുടെ മുമ്പിൽ ഇസ്ലാമികാധ്യാപനങ്ങളുടെ സവിശേഷതകൾ സമർപിച്ചു. ഇസ്ലാമിന്റെ സത്യതയെ കുറിച്ച് എഴുപതിന്നടുത്ത് ഗ്രന്ഥങ്ങൾ അറബിയിലും ഫാർസിയിലും ഉർദുവിലും ഇംഗ്ലീഷിലും എഴുതി ലക്ഷക്കണക്കിന് കോപ്പികൾ പ്രസിദ്ധീകരിച്ചു. അല്ലാഹുവിന്റെ കൃപയും അവന്റെ നിർദേശവും കൊണ്ട് ഇന്നുവരെ മൂന്നു ലക്ഷത്തിലധികമാളുകൾ എന്റെ കൈയിൽ തങ്ങളുടെ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങിക്കഴിഞ്ഞു. എത്രമാത്രം ത്വരിതഗതിയിലാണ് ഈ ജോലി നടന്നുകൊണ്ടിരിക്കുന്നതെന്നാൽ എല്ലാ ഓരോ മാസവും നൂറുക്കണക്കിനാളുകൾ ബയ്അത്തിൽ പ്രവേശിച്ചുകൊണ്ടുപോകുന്നു. വിദേശ രാജ്യങ്ങളിലെ ആളുകൾ നമ്മുടെ ജമാഅത്തിനെ കുറിച്ച് അജ്ഞരല്ല. പ്രത്യുത അമേരിക്ക, യൂറോപ്പ് തുടങ്ങിയ ദൂര ദൂര രാജ്യങ്ങൾവരെ നമ്മുടെ ക്ഷണം എത്തിക്കഴിഞ്ഞിരിക്കുന്നു. എത്രത്തോളമെന്നാൽ അമേരിക്കയിലെ പല ആളുകളും നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണ്. അസാധാരണ നിലയിലുള്ള ഭൂകമ്പങ്ങളെ കുറിച്ചുള്ള പ്രവചനങ്ങൾ നമ്മുടെ അടയാളമാണെന്ന് സാക്ഷ്യം പറഞ്ഞ് അവർ സ്വയം അമേരിക്കയിലെ പേരുകേട്ട പത്രങ്ങളിൽ പ്രസിദ്ധീകരിപ്പിച്ചു. യൂറോപ്പിലെ ചിലയാളുകളും നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചവരാണ്. ഇസ് ലാമിക നാടുകളെക്കുറിച്ച് എന്തു പറയാനാണ്. ഞാൻ ഇപ്പോൾ വിവരിച്ചതുപോലെ ഇതേവരെ മൂന്നുലക്ഷത്തിലേറെപ്പേർ ഈ ജമാഅത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. ആയിരക്കണക്കിന് അടയാളങ്ങളെ കുറിച്ച് ജനങ്ങൾ അറിഞ്ഞുകഴിഞ്ഞു. അവരിൽ അധിവും സാത്വികരും സൗഭാഗ്യവാന്മാരുമാണ്.

---

1. എന്നെക്കുറിച്ചുള്ള അല്ലാഹുവിന്റെ ഈ ഇൽഹാം ഇന്നേക്ക് 25 വർഷം മുമ്പേ പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യായിലുണ്ട്. ഞാൻ മറഞ്ഞിരുന്ന് ജീവിച്ച കാലത്തുണ്ടായ ഇൽഹാമാണിത്. എന്റെ പിതാവിനെ പരിചയമുള്ള കുറച്ചാളുകൾക്കല്ലാതെ മറ്റാർക്കും എന്നെ കുറിച്ച് അറിയുമായിരുന്നില്ല. ഇതാണ് ആ ഇൽഹാം: ***അൻത മിന്നീ ബി മൻസിലത്തി തൗഹീദീ വ തഫ്രീദീ ഫഹാന അൻ തുആന ഫതഅ്റഫ ബയ്നന്നാസി*** അതായത് നീ എന്നിൽനിന്ന് എന്റെ തൗഹീദിന്റേയും തഫ്രീദിന്റേയും(ഏകനാക്കൽ)സ്ഥാനത്താണുള്ളത്. നിനക്ക് എല്ലാ തരത്തിലുള്ള സഹായവും നല്കപ്പെടുന്ന ആ സമയം വരുന്നു. നിനക്ക്  അന്തസോടുകൂടി ലോകത്ത് പ്രശസ്തി നല്കപ്പെടുന്നതാണ്. പ്രശസ്തി നല്കുമെന്നുള്ള വാഗ്ദാനത്തോടു ചേർത്ത് തൗഹീദും തഫ്രീദും പറയൽ പ്രതാപത്തോടും അന്തസോടും കൂടി പ്രശസ്തനാകുക എന്നത് യഥാർഥത്തിൽ പങ്കുകാരൻ ആരുമില്ലാത്തവനായ ഏകനായ അല്ലാഹുവിന്റെ അവകാശമാണെന്നതിലേക്കുള്ള സൂചനയാണ്. പിന്നെ ആരുടെമേലാണോ അല്ലഹുവിന്റെ പ്രത്യേക കൃപയുള്ളത് അയാൾ തന്റെ അങ്ങേയറ്റത്തെ ലയനം കാരണത്താൽ അല്ലാഹുവിന്റെ തൗഹീദിന്റെ പ്രതിനിധിയായിമാറുന്നു. നിറവ്യത്യാസം അയാളിൽനിന്ന് നീങ്ങിപ്പോകുന്നു. അപ്പോൾ അല്ലാഹു അവൻ സ്വയം പ്രശസ്തി നല്കുന്നതുപോലെ അയാൾക്ക് അന്തസോടും പ്രതാപത്തോടും മഹത്വത്തോടുംകൂടി പ്രശസ്തി നല്കുന്നു. കാരണം തൗഹീദും തഫ്രീദും അത്തരം അന്തസ് കരസ്ഥമാക്കാനുള്ള അവകാശമുണ്ടാക്കുന്നു."(റൂഹാനീ ഖസായിൻ വാള്യം 22, ഹഖീഖത്തുൽ വഹ്യ് പേജ് 169-172)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് മയ്മൂന(റ)

**(ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ പ്രസിദ്ധീകരിച്ച അമത്തുർറശീദ് അർസലയുടെ ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മയ്മൂന(റ) എന്ന ലഘുകൃതിയോടു കടപ്പാട്)**

**കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച**

അങ്ങ് ഈ ബുദ്ധിമുട്ടിലും.' ഇതുകേട്ടപ്പോൾ നബി(സ)പറഞ്ഞു: 'ദുൻയാവിനെക്കൊണ്ട് എനിക്കെന്ത് നേട്ടമാണുള്ളത്? അതികഠിനമായ ചൂടത്ത് ഒട്ടകപ്പുറത്ത് യാത്രചെയ്യുന്നവനെപ്പോലെയാണു ഞാൻ. നട്ടുച്ച നേരത്ത് ചൂട് അസഹ്യമായപ്പോൾ അയാൾ ഒരു മരത്തിനു കീഴിൽ വിശ്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ആ ചൂടത്ത് അയാൾ വീണ്ടും യാത്ര തുടർന്നു.'

നബി(സ)തിരുമേനിയുടെ ഭാര്യമാരിൽ ഹദ്റത്ത് ആയിശ(റ)യെക്കൂടാതെയുള്ള എല്ലാവരും പ്രായമുള്ളവരായിരുന്നു. ചിലർ 60 വയസ്സുവരെ എത്തിയിരുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് നബി(സ) കൂടുതൽ വിവാഹം കഴിക്കാനുള്ള പ്രധാനകാരണം, സ്ത്രീകളിൽ മതപരമായ അധ്യാപനങ്ങൾ പ്രചരിപ്പിക്കുക എന്നതായിരുന്നു. ഭാര്യമാർക്ക് മതവിദ്യാഭ്യാസം നല്കുക, അവർ തങ്ങളുടെ മാതൃകാജീവിതവും മതപരമായ അറിവുംകൊണ്ട് മറ്റു സ്ത്രീകളെമതബോധമുള്ളവരാക്കിത്തീർക്കുക.അവർക്കു നേർമാർഗം കാണിച്ചുകൊടുക്കുക.[8]

നബി(സ)തിരുമേനിയുടെ ഭാര്യമാർക്ക് ആഭരണങ്ങൾ ഇല്ലാത്തതിനു സമമായിരുന്നു സ്ത്രീസ്വഹാബാക്കളും നബി(സ)യുടെ അധ്യാപനമനുസരിച്ച് ആഭരണങ്ങൾ ഉണ്ടാക്കിയിരുന്നില്ല. വിശുദ്ധഖുർആനിന്റെ പാഠമനുസരിച്ച് നബ(സ)പറഞ്ഞു: 'ധനം കൂട്ടിവയ്ക്കുക എന്നതിന്റെ അർഥം ദരിദ്രരുടെ അവകാശങ്ങൾ ഇല്ലായ്മ ചെയ്യുക എന്നാണ്.'

താമസിക്കുന്ന വീടിന്റെ കാര്യത്തിലും നബി(സ) ലാളിത്യപ്രേമിയായിരുന്നു. നബി(സ)യുടെ വീടുകളിൽ ഓരോ വീട്ടിലും ഓരോ മുറിയാണുണ്ടായിരുന്നത്; ചെറിയ മുറ്റവും. ആ മുറിയ്ക്കുള്ളിൽ ഒരു കയർ വലിച്ചുകെട്ടിയിട്ടുണ്ടാകും. അത് കർട്ടൺ തൂക്കാനുള്ളതാണ്. ആളുകളാരെങ്കിലും വരുമ്പോൾ ആ കർട്ടൺ വലിച്ചിടും. എന്നിട്ട് അവരുമായി സംസാരിക്കും. വീട്ടുകാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാനായിരുന്നു അങ്ങനെ ചെയ്തിരുന്നത്. കട്ടിൽ ഉപയോഗിച്ചിരുന്നില്ല. തറയിൽ ബിസ്തർ വിരിച്ചാണ് ഉറങ്ങിയിരുന്നത്. നബി(സ)യുടെ താമസം എത്രമാത്രം ലളിതമായിരുന്നുവെന്നാൽ, ആ ധന്യാത്മാവിന്റെ വേർപാടിനുശേഷം ഹദ്റത്ത് ആയിശ(റ) പറഞ്ഞു: 'നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ പലപ്പോഴും ഈത്തപ്പഴംതിന്നും പച്ചവെള്ളം കുടിച്ചും ഞങ്ങൾക്കു കഴിയേണ്ടി വന്നിട്ടുണ്ട്. നബി(സ)വഫാത്തായ ദിവസവും ഈത്തപ്പഴവും വെള്ളവുമല്ലാതെ ഞങ്ങളുടെ വീട്ടിൽ ഒന്നുമുണ്ടായിരുന്നില്ല.'

നബി(സ)യുടെ ഭാര്യമാരിൽ രണ്ടുപേരൊഴികെ എല്ലാവരും പലഗോത്രങ്ങളുമായി ബന്ധപ്പെട്ടവരായിരുന്നു. ആ രണ്ടുപേർ ഹദ്റത്ത് സയ്നബ് ബിൻത് ഖുസയ്മയും, ഹദ്റത്ത് മയ്മൂനയുമായിരുന്നു. ഈ ഗോത്രങ്ങൾ തമ്മിൽ സുഹൃത്ബന്ധമൊന്നും ഉണ്ടായിരുന്നില്ല. നബി(സ)യുടെ വിവാഹത്തിലൂടെ പുതിയൊരു സുഹൃത്ബന്ധം അവർക്കിടയിലുണ്ടായി. അല്ലാഹുവിന്റെ ഉറ്റമിത്രത്തിന്റെ സ്നേഹമായിരുന്നു അതിന്റെ അടിത്തറ. ഭാര്യമാരിൽ ചിലരുടെ ബന്ധം അറേബ്യയിൽ വസിച്ചിരുന്ന മറ്റു മതക്കാരുമായിട്ടായിരുന്നു. ഹദ്റത്ത് സ്വഫിയ്യഃ ജൂതന്മാരിൽനിന്നുള്ള ബനുഇസ്റായീൽക്കാരിയായിരുന്നു അറേബ്യക്കാരിയായിരുന്നില്ല. ഹദ്റത്ത് മാരിയത്തുൽഖിബ്തിയ്യഃ ക്രിസ്ത്യാനിയും മിസ്റിയുമായിരുന്നു. ഹദ്റത്ത് ആയിശ(റ) മാത്രമായിരുന്നു ജന്മനാ മുസ്ലിം. മറ്റുള്ളവരെല്ലാം ഇസ്ലാം സ്വീകരിച്ചവരാണ്. ഒരു കുടക്കീഴിൽ വിവിധ സ്വഭാവക്കാരികളായ സ്ത്രീകൾ നബി(സ)തിരുമേനിയുടെ ശിക്ഷണത്തിനു വിധേയരായിക്കൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മിത്രങ്ങളായിത്തീർന്നു.

ഖുർആനും യുക്തിജ്ഞാനവും നബി(സ)എങ്ങനെ മറ്റുള്ളവരെ പഠിപ്പിക്കണമെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതുപോലെ നബി(സ)യുടെ ഭാര്യമാരുടേയും കുറച്ചു നിർബന്ധകടമകൾ വിവരിച്ചിട്ടുണ്ട്. അവരെന്താണ് ചെയ്യേണ്ടത് അവരെന്താണ് ചെയ്യാൻ പാടില്ലാത്തത് എന്ന് പറഞ്ഞിട്ടുണ്ട്.

ആ നിലവാരത്തിലുള്ള സൽസ്വഭാവം, ഭരണഘടന ജീവിതപഥത്തിൽകൊണ്ടുവരിക ഏറെ പ്രയാസമുള്ളതാണ്. അല്ലാഹു നബി(സ)യുടെ ഭാര്യമാരെ സമുദായത്തിനു മാതൃകയാക്കാൻ ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ അവരിൽനിന്ന് ഉന്നതമായ ധാർമികഗുണങ്ങൾ ഉണ്ടാകേണ്ടതുമാണ്. ഓരോ സ്ത്രീകളേയും തിരഞ്ഞെടുത്ത് തിരഞ്ഞെടുത്ത് ആ പ്രവർത്തനരേഖ അനുസരിച്ച് പ്രവർത്തിക്കുന്നതിന് കഴിവുള്ളവരാക്കിത്തീർക്കാൻ നബി(സ)യുടെ വീട്ടിൽ അവരെ ഒരുമിച്ചുകൂട്ടി. ആ പ്രവർത്തനരൂപരേഖ അല്ലാഹുവിന്റേതായിരുന്നു. വിശുദ്ധഖുർആനിൽ നബി(സ)യുടെ ഭാര്യമാരെ സംബോധന ചെയ്തുകൊണ്ടു അല്ലാഹു പറയുന്നു: 'പ്രവാചകന്റെ ഭാര്യമാരേ! നിങ്ങളിലാരെങ്കിലും ഉന്നതമായ വിശ്വാസത്തിന്നെതിരിൽ സംസാരിച്ചാൽ, അവൾക്കു ശിക്ഷ ഇരട്ടിയായി വർധിപ്പിക്കുന്നതാണ്. ഇക്കാര്യം അല്ലാഹുവിന് എളുപ്പമുള്ളതുമാണ്. നിങ്ങളിലാരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയും അതനുസരിച്ച് (അനുസരണത്തിന്റെ പ്രതാപത്തിനനുസരിച്ച്) പ്രവർത്തിക്കുകയും ചെയ്താൽ അവൾക്കുള്ള പ്രതിഫലവും നാം ഇരട്ടിയായി നല്കുന്നതാണ്. അത്തരം എല്ലാ ഭാര്യമാർക്കും നാം ഇരട്ടിയായ പ്രതിഫലം ഒരുക്കിവച്ചിട്ടുണ്ട്.[10]

ഹദ്റത്ത് മയ്മൂനാ(റ)യുടെ ഉന്നതമായ സ്വഭാവങ്ങൾക്ക്, ഹദ്റത്ത് ആയിശ(റ) നല്കിയ അംഗീകാരം ഈ വാക്യത്തിലൂടെ ശ്രദ്ധിക്കുക: [11]

*ഇന്നഹാ കാനത് ഇത്ഖാനല്ലാഹി വ അവ്സലുനാ ലിർറഹിമി.* 'അല്ലാഹുവാണ! മയ്മൂന(റ) ഈ ലോകത്തുനിന്നുപോയി. അവർ ഞങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും കുടുംബബന്ധങ്ങൾ പുലർത്തുന്നവരുമായിരുന്നു. അല്ലാഹുത്തആല എത്രമാത്രം സ്നേഹമുള്ളവരെയാണ് തന്റെ ഉറ്റമിത്രത്തിന്റെ അടുത്ത് ഒരുമിച്ചു കൂട്ടിയത്. അവർക്ക് നബി(സ)യുടെ ഖുർആനിലധിഷ്ഠിതമായ ജീവിതം അടുത്ത് നിന്ന് നരീക്ഷിച്ച് സ്വന്തം ജീവിതത്തിൽ പകർത്തി മറ്റു സ്ത്രീകൾക്കു ഭംഗിയായ നിലയിൽ പകർന്നുകൊടുക്കാനുള്ള കഴിവും അല്ലാഹു നല്കിയിരുന്നു. ഹദ്റത്ത് മയ്മൂന(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)നോടു പറഞ്ഞു: 'നബി(സ) അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടും കൂടിയാണ് വീട്ടിൽ താമസിക്കുന്നത്. ചെറിയ ചെറിയ തെറ്റുകൾ പൊറുത്തുതരുന്നു. വളരെ തന്മയത്തത്തോടെ തെറ്റുകൾ തിരുത്തുന്നു.' ഈ ഭാര്യമാർ ഓരോരുത്തരും ഓരോ ഗ്രന്ഥങ്ങളായിരുന്നു; വിവിധരീതിയിൽ നബി(സ)യുടെ ജീവിതചരിത്രം രചിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ. ഓരോരുത്തരും തങ്ങളുടെ സ്വഭാവത്തിനു അനുസരിച്ച് സ്വാധീനം ഉൾക്കൊള്ളുകയും ആകർഷിച്ചെടുക്കുകയും പിന്നീടത് വിശദീകരിക്കുകയും ചെയ്തു. ഈ മാർഗം ഇല്ലായിരുന്നെങ്കിൽ നമ്മൾ നമ്മുടെ പ്രിയ റസൂലിന്റെ ഒരുപാടു കാര്യങ്ങൾ അറിയാതെ പോകുമായിരുന്നു.

നല്ല ഓർമശക്തിയായിരുന്നു ഹദ്റത്ത് മയ്മൂന(റ)യ്ക്ക്. കാര്യങ്ങൾ വളരെ പെട്ടെന്ന് അവർ മനസ്സിലാക്കിയിരുന്നു. 76 ഹദീഥുകൾ അവരിൽനിന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അധികമായി ആരാധനാകർമങ്ങളിൽ മുഴുകുമായിരുന്നു. മസ്ജിദുന്നബ്വിയിൽ നമസ്കരിച്ചാൽ വളരെയധികം പ്രതിഫലമുണ്ടെന്ന് അവർ നബി(സ)യിൽനിന്ന് കേട്ടിരുന്നു. മസ്ജിദുന്നബ്വിയിൽത്തന്നെ എപ്പോഴും നമസ്കരിക്കാനും അവർ ശ്രമിച്ചിരുന്നു. ഇക്കാര്യം മറ്റു സ്ത്രീകളേയും അറിയിച്ചിരുന്നു.

മദീനയിൽ ഒരു സ്ത്രീയ്ക്ക് കഠിനമായൊരു രോഗം പിടിപെട്ടു. അല്ലാഹു രോഗശമനം നല്കിയാൽ താൻ ബയ്ത്തുൽമഖ്ദസിൽ പോയി നമസ്കരിക്കുന്നതാണെന്ന് അവർ ശപഥം ചെയ്തു. അല്ലാഹു അവർക്കു ശിഫാ നല്കുകയും ചെയ്തു. അങ്ങനെ ബയ്ത്തുൽമഖ്ദസിൽപ്പോയി തന്റെ ശപഥം നിറവേറ്റാൻ അവർ തീരുമാനിച്ചു. ആ സ്ത്രീ യാത്രചോദിക്കാൻ ഹദ്റത്ത് മയ്മൂന(റ)യുടെ അടുക്കൽ വന്നു. നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു പറഞ്ഞു. മസ്ജിദുന്നബ്വിയിൽ നമസ്കരിക്കുന്നത് മറ്റുള്ള എല്ലാ മസ്ജിദുകളിലും നമസ്കരിക്കുന്നതിനെക്കാൾ ആയിരക്കണക്കിന്നിരട്ടി പ്രതിഫലം നല്കുമെന്ന് അവർക്കു മനസ്സിലാക്കിക്കൊടുത്തു. നീ ഇവിടെ നമസ്കരിച്ചാൽ മതിയെന്ന് പറയുകയും ചെയ്തു.[13]

ഹദ്റത്ത് മയ്മൂന(റ)യ്ക്കുണ്ടായ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. നബി(സ)യ്ക്കുണ്ടായ ഒരു ജാഗ്രദർശനത്തിൽ ഹദ്റത്ത് മയ്മൂന(റ)യ്ക്കും ഭാഗഭാക്കാകാൻ കഴിഞ്ഞു എന്നതാണത്. ഹദ്റത്ത് മയ്മൂന(റ)പറയുന്നു: 'ഒരു രാത്രി നബി(സ) മദീനയിൽ എന്റെ വീട്ടിൽ ഉറങ്ങുകയായിരുന്നു. നബി(സ) തഹജ്ജുദ് നമസ്കരിക്കുന്നതിന് എഴുന്നേറ്റ് വുദു ചെയ്യാൻ തുടങ്ങി. അപ്പോൾ നബി(സ) തിരുമേനി പറയുന്നതായി ഞാൻ കേട്ടു, 'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക.' അതിനുശേഷം പറഞ്ഞു, 'നുസിർത്ത, നുസിർത്ത, നുസിർത്ത.' ഇതിനുശേഷം അവർ പറയുന്നു, നബി(സ) എന്റെ അടുത്തു വന്നപ്പോൾ ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! ആരെങ്കിലും അങ്ങയുടെ അടുക്കൽ വന്നിരുന്നുവോ? ആരുമായിട്ടാണ് അങ്ങ് സംസാരിച്ചത്? നബി(സ) പറഞ്ഞു, അതേ വന്നിരുന്നു. ജാഗ്രദർശനത്തിൽ എന്റെ മുമ്പിൽ ഖുസാഅ് ഗോത്രത്തിലെ ഒരു സംഘമാളുകൾ കൊണ്ടുവരപ്പെട്ടു. അവർ അലറിവിളിച്ചുകൊണ്ടു വരുന്നതായിട്ടാണ് ഞാൻ കണ്ടത്– അതായത് 'ഞങ്ങൾ മുഹമ്മദിനോട് അദ്ദേഹത്തിന്റെ ദൈവത്തെ പിടിച്ച് സത്യംചെയ്തുകൊണ്ടു പറയുന്നു, അങ്ങയോടും അങ്ങയുടെ പൂർവ പിതാക്കളോടും ഞങ്ങൾ ഉടമ്പടി ചെയ്തിരുന്നു. ഞങ്ങൾ അങ്ങയെ സഹായിച്ചുവരികയും ചെയ്യുന്നുണ്ട്. എന്നാൽ ഖുറയ്ശികൾ ഞങ്ങളോടു കരാർലംഘനം നടത്തിയിരിക്കുകയാണ്.

രാത്രിനേരത്ത് അവർ ഞങ്ങളുടെമേൽ ആക്രമണം നടത്തി. **(ശേഷം പേജ് 7ൽ)**

**Website Design & Online Marketing**
Google SEO I Website Design I Social Media I Graphic Design
Call 0828 173 6451 Email: admin@dsignsworld.com
www.dsignsworld.com
DSIGNS WORLD

C.M HIDAYATHULLAH 9447029141, 9946631222
CITYLINK TRAVEL CORPORATION
Linking Destinations
Noor Complex, 3rd Floor, Mavoor Road, Calicut, Kerala
email: citylinkccj@gmail.com
Air Ticket, Visa Service, Attestation, Emigration, Train Ticket

# ഖുത്ബ ജുമുഅ

**നബി(സ)തിരുമേനി ഒരു അവസരത്തിൽ യഥാർഥ സത്യവിശ്വാസിയുടെ ലക്ഷണം വിശദീകരിച്ചുകൊണ്ട് പറഞ്ഞു: 'യഥാർഥ സത്യവിശ്വാസി താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നവനായിരിക്കും.' ഇതൊരു മാർഗനിർദേശപരമായ അടിസ്ഥാന നിയമമാണ്. അത് ലോകത്ത് എല്ലാ തലത്തിലും വീടുമുതൽ അന്താരാഷ്ട്ര ബന്ധങ്ങൾവരെ അനുരക്തിയുടേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും അടിത്തറപാകുന്നു. കലഹങ്ങൾ അവസാനിപ്പിക്കുന്നു. മനസ്സുകളിൽ മാർദവം ഉണ്ടാക്കുന്നു. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.**

**ഞാൻ പല അവസരങ്ങളിലും അന്യരുടെ മുമ്പിൽ ഇക്കാര്യം സമർപിച്ചപ്പോൾ അവർ വളരെ ആകർഷിതരായി. എന്നാൽ, നമ്മുടെ ഉദ്ദേശ്യം വെറും നല്ലകാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ ആകർഷിക്കുക എന്നതല്ല. മറിച്ച് നമ്മുടെ കർമങ്ങൾകൊണ്ട് ഇക്കാര്യത്തിന്റേയും എല്ലാ ഇസ്‌ലാമിക കല്പനകളുടേയും മനോഹാരിത സ്ഥാപിക്കുക എന്നതാണ്. 'വളരെ നല്ല കാര്യംതന്നെ, പക്ഷേ, നിങ്ങളിൽ എത്രപേർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്' എന്ന് അന്യർ നമ്മളോടു ചോദിക്കാനിടയുണ്ട്. അവസരം കിട്ടുമ്പോൾ സ്വാർഥത കാണിക്കുകയില്ല. കാര്യത്തിന്റെ മനോഹാരിത വെളിപ്പെടുന്നത് കാര്യം പറയുന്നയാൾ സ്വയം അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്.**

**നമ്മൾ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അസ്വസ്ഥരാകുന്നതുപോലെ, മറ്റുള്ളവരുടെ അവകാശം കൊടുക്കുന്നതിനും അതേ നിലവാരം നിലനിറുത്തേണ്ടതാണ്. നമ്മളിൽനിന്ന് എന്തെങ്കിലും തെറ്റുസംഭവിച്ചാൽ ആ തെറ്റ് മാപ്പാക്കികിട്ടണമെന്നും നമ്മൾ ശിക്ഷിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നെങ്കിൽ മറ്റുള്ള ആരെങ്കിലും നമ്മളെ ബാധിക്കുന്ന തെറ്റു ചെയ്താൽ അത് തെറ്റുചെയ്യുന്ന ശീലക്കാരനല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് തെറ്റു ചെയ്യാത്തവനാണെങ്കിൽ നമ്മളും മാപ്പുകൊടുക്കുന്നരീതി അവലംബിക്കേണ്ടതാണ്. ഇനി ഏതെങ്കിലും തെറ്റ് ജമാഅത്തിനോ സാമൂഹികനേട്ടങ്ങൾക്കോ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നതാണെങ്കിൽ അപ്പോൾ ഇത് വ്യക്തിപരമായ തെറ്റായിരിക്കുകയില്ല. ആ കുറ്റം പിന്നീട് സാമൂഹിക കുറ്റമായിത്തീരുന്നു. അത്തരം ആളുകളുടെ തീരുമാനം ഡിപ്പാർട്ടുമെന്റായിരിക്കും എടുക്കുന്നത്; വ്യക്തികളല്ല.**

**ദ്വേഷം നിയന്ത്രിക്കുക, ക്ഷമകൈക്കൊള്ളുക, വ്യർഥമായ സംസാരങ്ങളിൽനിന്ന് പിന്മാറുക തുടങ്ങിയവയെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുള്ള ഉപദേശങ്ങൾ**

**അല്ലാഹു നമ്മളോടു ദ്വേഷം അമർത്തിയതിനുശേഷം മാപ്പുകൊടുക്കാൻ പറഞ്ഞിരിക്കുന്നത് ഏതെങ്കിലും യുക്തികൂടാതെയല്ല. അതായത് മാപ്പുകൊടുത്തുകൊണ്ടേ പോകുക എന്ന്! മറിച്ച് മാപ്പിന്റേയും ശിക്ഷയുടേയും യുക്തി പറഞ്ഞുകൊണ്ട് വിധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. മാപ്പുകൊടുക്കുന്നതുകൊണ്ട് നന്നാകുമെങ്കിൽ മാപ്പുകൊടുക്കുന്നതാണ് നല്ലത്. ഇനി നന്നാക്കാൻ ശിക്ഷകൊടുക്കേണ്ടതാണെങ്കിൽ വിവേകത്തിന്റെ തേട്ടമെന്നു പറയുന്നത് ശിക്ഷകൊടുക്കുക എന്നതാണ്. പിന്നീട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾവരെ കാര്യങ്ങൾ കൊണ്ടുപോകുക.**

---

**തന്നോടു തെറ്റുചെയ്തവർക്ക് നബി(സ)തിരുമേനി മാപ്പുകൊടുത്തതിന്റെ അതുല്യമായ സംഭവങ്ങളുടെ ചൈതന്യവത്തായ ചർച്ച**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 സെപ്റ്റംബർ 23/1395 തബൂക് 23**
**മസ്ജിദ് ബയ്ത്തുൽഫുതൂഹ് മോർഡൻ (ലണ്ടൻ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔
بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ
الدِّيْنِ۔ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔ صِرَاطَ الَّذِيْنَ
أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

നബി(സ)തിരുമേനി ഒരു അവസരത്തിൽ യഥാർഥ സത്യവിശ്വാസിയുടെ ലക്ഷണം വിശദീകരിച്ചുകൊണ്ട് പറഞ്ഞു: 'യഥാർഥ സത്യവിശ്വാസി താനിഷ്ടപ്പെടുന്നത് മറ്റുള്ളവർക്കും ഇഷ്ടപ്പെടുന്നവനായിരിക്കും.' ഇതൊരു മാർഗനിർദേശപരമായ അടിസ്ഥാന നിയമമാണ്. അത് ലോകത്ത് എല്ലാ തലത്തിലും വീടുമുതൽ അന്താരാഷ്ട്ര ബന്ധങ്ങൾവരെ അനുരക്തിയുടേയും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും അടിത്തറപാകുന്നു. കലഹങ്ങൾ അവസാനിപ്പിക്കുന്നു. മനസ്സുകളിൽ മാർദവം ഉണ്ടാക്കുന്നു. പരസ്പരം കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്നു.

ഞാൻ പല അവസരങ്ങളിലും അന്യരുടെ മുമ്പിൽ ഇക്കാര്യം സമർപിച്ചപ്പോൾ അവർ വളരെ ആകർഷിതരായി. എന്നാൽ, നമ്മുടെ ഉദ്ദേശ്യം വെറും നല്ലകാര്യങ്ങൾ പറഞ്ഞ് ജനങ്ങളെ ആകർഷിക്കുക എന്നതല്ല. മറിച്ച് നമ്മുടെ കർമങ്ങൾകൊണ്ട് ഇക്കാര്യത്തിന്റേയും എല്ലാ ഇസ്‌ലാമിക കല്പനകളുടേയും മനോഹാരിത സ്ഥാപിക്കുക എന്നതാണ്. 'വളരെ നല്ല കാര്യം തന്നെ, പക്ഷേ, നിങ്ങളിൽ എത്രപേർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ട്'എന്ന് അന്യർ നമ്മളോടു ചോദിക്കാനിടയുണ്ട്. അവസരം കിട്ടുമ്പോൾ സ്വാർഥത കാണിക്കുകയില്ല. കാര്യത്തിന്റെ മനോഹാരിത വെളിപ്പെടുന്നത് കാര്യം പറയുന്നയാൾ സ്വയം അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ജനങ്ങൾക്ക് മറ്റുള്ളവരിൽനിന്നുള്ള നമ്മുടെ പ്രത്യേകമായ വ്യത്യാസം അറിയാൻ കഴിയുന്നത് നമ്മുടെ വാക്കും പ്രവൃത്തിയും ഒരുപോലെ ആയിരിക്കുമ്പോഴാണ്. ജനങ്ങൾ വെറും കാര്യം കേൾക്കാൻ ഇരിക്കുന്നവരല്ല, പ്രത്യുത അവർ നമ്മളെ കാണുന്നുമുണ്ട്. ഞാൻ ജർമനീ പര്യടനത്തിന്നിടയിൽ അവിടെ നല്കിയ അവസാനം ഖുത്ബയിലാണെന്നു തോന്നുന്നു പറഞ്ഞിരുന്നു, ജർമനിയിലെ മസ്ജിദിന്റെ ഉദ്ഘാടനാവസരത്തിൽ ആ പ്രദേശത്തെ ജില്ല കമ്മീഷണർ നിങ്ങൾ സ്ത്രീകൾക്ക് കൈകൊടുക്കാതെ അവരോടു തെറ്റായ രീതിയാണ് കാണിക്കുന്നതെന്ന് ആക്ഷേപിച്ചിരുന്നു. അതിന് ഞാൻ വിശദീകരിച്ച് മറുപടി പറഞ്ഞപ്പോൾ ഒരാൾ പിന്നീട് തന്റെ പ്രതികരണത്തിൽ പറഞ്ഞു: 'പറഞ്ഞത് തികച്ചും ശരിയാണ്. ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. എന്തൊന്നാണോ അവന്റെ മതം പറയുന്നത് അല്ലെങ്കിൽ പാരമ്പര്യം പറയുന്നത് അതനുസരിച്ച് പ്രവർത്തിക്കുക എന്നത് അവന്റെ അവകാശമാണ്. പ്രത്യേകിച്ചും രാജ്യത്തിനും ജനങ്ങൾക്കും ഒരു നഷ്ടവും ഇല്ലാത്ത പരിതഃസ്ഥിതിയിൽ! പറഞ്ഞു, ഇക്കാര്യം നിങ്ങളുടെ ഖലീഫയാണ് പറഞ്ഞത്. അതിന്റെ യാഥാർഥ്യം മസ്സിലാകുന്നത് അഹ്മദി യുവാക്കളും ഇതനുസരിച്ച് പ്രവർത്തിക്കുന്നത് ഞങ്ങൾ കാണുമ്പോഴാണ്. അല്ലെങ്കിൽ അവരിൽ ഭൂരിഭാഗം അതനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്.

അതിനാൽ, നമ്മൾ മതത്തെ ഉദ്ധരിച്ച് ഏതെങ്കിലും കല്പനയേയും ഉന്നതമായ സ്വഭാവത്തേയും കുറിച്ച് സംസാരിക്കുമ്പോൾ നമ്മളുടെ സ്വന്തം കർമമെന്താണെന്ന് അന്യർ നമ്മളെ വീക്ഷിക്കുന്നുണ്ട്. നിങ്ങൾ യഥാർഥ സത്യവിശ്വാസികളാണോ എന്ന് അറിയപ്പെടുന്നത് നിങ്ങളുടെ സ്വഭാവം ഉന്നതമായിരിക്കുമ്പോഴും ഒരാൾ മറ്റൊരാൾക്കുവേണ്ടിയുള്ള വികാരങ്ങളുടേയും അറിവുകളുടേയും നിലവാരം ഉന്നതമാക്കുമ്പോഴുമാണെന്നും നബി(സ)തിരുമേനി സത്യവിശ്വാസിയുടെ ഉന്നത സ്വഭാവം സ്ഥാപിക്കാൻവേണ്ടി പറഞ്ഞത് ആർക്കും നിഷേധിക്കാൻ സാധ്യമല്ല. ആ നിലവാരമെന്താണ്?എന്തൊന്ന് നിങ്ങൾ നിങ്ങൾക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് മറ്റുള്ളവർക്കുവേണ്ടിയും ഇഷ്ടപ്പെടുക എന്നതാണത്. തങ്ങളുടെ അവകാശങ്ങൾ വാങ്ങുന്നതിനുവേണ്ടി നീതി നീതി എന്ന് പറഞ്ഞുകൊണ്ടിരിക്കുകയും മറ്റുള്ളവരുടെ അവകാശങ്ങൾ കൊടുക്കുന്ന നേരത്ത് നെഗറ്റീവായിട്ടുള്ള രീതികാണിക്കുകയും ചെയ്യുക എന്നതല്ല.

അതിനാൽ നമ്മൾ നമ്മുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അസ്വസ്ഥരാകുന്നതുപോലെ, മറ്റുള്ളവരുടെ അവകാശം കൊടുക്കുന്നതിനും അതേ നിലവാരം നിലനിറുത്തേണ്ടതാണ്. നമ്മളിൽനിന്ന് എന്തെങ്കിലും തെറ്റുസംഭവിച്ചാൽ ആ തെറ്റ് മാപ്പാക്കികിട്ടണമെന്നും നമ്മൾ ശിക്ഷിക്കപ്പെടരുതെന്നും ആഗ്രഹിക്കുന്നെങ്കിൽ മറ്റുള്ള

ആരെങ്കിലും നമ്മളെ ബാധിക്കുന്ന തെറ്റു ചെയ്താൽ അത് തെറ്റുചെയ്യുന്ന ശീലക്കാരനല്ലെങ്കിൽ, ആവർത്തിച്ചാവർത്തിച്ച് തെറ്റു ചെയ്യാത്തവനാണെങ്കിൽ നമ്മളും മാപ്പുകൊടുക്കുന്നരീതി അവലംബിക്കേണ്ടതാണ്. ഇനി ഏതെങ്കിലും തെറ്റ് ജമാഅത്തിനോ സാമൂഹികനേട്ടങ്ങൾക്കോ നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നതാണെങ്കിൽ അപ്പോൾ ഇത് വ്യക്തിപരമായ തെറ്റായിരിക്കുകയില്ല. ആ കുറ്റം പിന്നീട് സാമൂഹിക കുറ്റമായിത്തീരുന്നു. അത്തരം ആളുകളുടെ തീരുമാനം ഡിപ്പാർട്ടുമെന്റായിരിക്കും എടുക്കുന്നത്; വ്യക്തികളല്ല.

എന്തായാലും സാമൂഹികമായ നിത്യജീവിതത്തിലെ പരസ്പരമുള്ള കാര്യങ്ങളിൽ നമ്മുടെ അവകാശമാണെന്ന് നമ്മൾ മനസ്സിലാക്കുന്നത് ആ അവകാശം മറ്റുള്ളവർക്കും നമ്മൾ നല്കുന്നുണ്ടോ ഇല്ലേ? കൊടുക്കാനുള്ള ചിന്ത നമുക്കുണ്ടോ ഇല്ലേ? എന്ന കാര്യമാണ് ഞാൻ സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ അടിസ്ഥാനപരമായ ഘടകം വീടാണ്, സുഹൃത്തുക്കളാണ്, സഹോദരി സഹോദരന്മാരാണ് മറ്റുബന്ധുക്കളാണ്. ചെറിയ അളവിൽ ചെറിയ വൃത്തത്തിൽ ഈ ചിന്ത ഉണ്ടാകുമ്പോൾ പിന്നീട് സമൂഹത്തിൽ വിശാലമായ നിലയിലും ഇതേ ചിന്ത വ്യാപിക്കുന്നതാണ്. സ്വാർഥതകൾ അവസാനിക്കുന്നതാണ്. അവകാശങ്ങൾ കൊടുക്കുന്ന കാര്യങ്ങൾ അധികമായുണ്ടാകും. മാപ്പുകൊടുക്കാനുള്ള താൽപര്യം വർധിക്കും. ശിക്ഷ കൊടുക്കുന്നതിന് അല്ലെങ്കിൽ ശിക്ഷ കൊടുപ്പിക്കുന്നതിനുള്ള താൽപര്യത്തിൽ കുറവുണ്ടാകുന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിലും ബാഹ്യമായ അവകാശങ്ങളും ആവശ്യങ്ങളും ശ്രദ്ധിക്കുന്നതിനോടൊപ്പം മാപ്പുകൊടുക്കാനുള്ള താൽപര്യം സ്വീകരിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

*അല്ലദീന യുൻഫിഖൂന ഫിസ്സർറായി വള്ളർറായി വൽ കാളിമീനൽഗയ്ള വൽആഫീന അനിന്നാസി വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ* ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്കു മാപ്പുചെയ്തുകൊടുക്കുന്നവരുമത്രെ അവർ; അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു.(3:135)

ഇതിൽ ആദ്യം അല്ലാഹു ദാസരുടെ അവകാശങ്ങൾ നല്കുന്നതിന് ആവശ്യക്കാർക്കുവേണ്ടി ചെലവഴിക്കാൻ പറഞ്ഞിരിക്കുന്നു. മുഹ്സിൻ എന്നു പറയുന്നതുതന്നെ മറ്റുള്ളവർക്ക് പ്രയോജനപ്പെടുന്നവനാണ്. അവർക്ക് ഫലമെത്തിക്കുന്നവനാണ്. നന്മകളിൽ നിലകൊള്ളുന്നവനാണ്. തഖ്‌വയിലൂടെ നടക്കുന്നവനാണ്. നന്മകളിൽ നിലകൊള്ളുന്നവനും മറ്റുള്ളവർക്ക് അല്ലാഹുവിനുവേണ്ടി തഖ്‌വയിലൂടെ നടന്നുകൊണ്ട് ഫലമെത്തിക്കുന്നവനും തീർച്ചയായും അല്ലാഹുവിന്റെ ദാസരോടുള്ള കടമ നിർവഹിക്കുന്നതിൽ നിസ്വാർഥനായിരിക്കും. രഹസ്യമായിട്ടും പരസ്യമായിട്ടും അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെലവഴിക്കുന്നവരായിരിക്കും. ഈ അവസ്ഥ മനുഷ്യരിലുണ്ടാകുമ്പോൾ അവർ പിന്നെ സ്വാർഥതകൾ കാണിക്കുകയില്ല. തങ്ങളുടെ സഹോദരങ്ങളുടെ ദോഷം ആഗ്രഹിക്കുകയില്ല. അത്തരമാളുകൾ ആത്മീയമായ നിലയിലും പുരോഗതി കൈവരിക്കുന്നു. അവർ അല്ലാഹു സ്നേഹിക്കുന്ന ആളുകളിൽ ചെന്നു ചേരുകയും ചെയ്യുന്നു. പിന്നീട് സുകൃതവാന്മാരുടെ ലക്ഷണം തങ്ങളുടെ വികാരങ്ങൾ നിയന്ത്രിച്ച് വെക്കുന്നവരാണെന്ന് അല്ലാഹു പറഞ്ഞു. ദ്വേഷമുണ്ടാകുക എന്നത് പ്രകൃതിപരമായ കാര്യമാണ്. ദ്വേഷം വരുമ്പോൾ അതിനെ അമർത്തുന്നവരാകണം. എന്നല്ല എത്രത്തോളം വികാരങ്ങളെ നിയന്ത്രിച്ചു നിറുത്തുന്നവരാണെന്നാൽ ദ്വേഷം അടക്കിയതിനുശേഷം മറ്റുള്ളവർക്ക് മാപ്പുകൊടുക്കുന്ന അവസ്ഥയും ഉണ്ടാകണം. എല്ലാ തരത്തിലുള്ള ദ്വേഷവും പ്രതികാരവികാരവും മനസ്സിൽനിന്ന് നീക്കം ചെയ്യുക എന്നത് നിസാരകാര്യമല്ല. ഇത് വളരെ വലിയ കാര്യമാണ്. ദ്വേഷം വരാതിരിക്കുകയും പകരംവീട്ടാനുള്ള വികാരങ്ങളും മനസ്സിൽനിന്ന് പുറത്തുപോകുകയും കോപവികാരങ്ങളെ പുറത്തുകളയുക എന്നതുമാത്രമല്ല പ്രത്യുത തെറ്റുചെയ്യുന്നവർക്ക് എന്തെങ്കിലും നന്മയും ചെയ്യുകയെന്നത് വളരെ വലിയ കാര്യമാണ്. സത്യവിശ്വാസികളിൽ ഇക്കാര്യങ്ങളുണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു.

നിവേദനങ്ങളിൽ ഹദ്റത്ത് ഹസൻ(റ)ന്റെ ഒരു സംഭവം വരുന്നുണ്ട്. അദ്ദേഹത്തിന്റെ ഒരു അടിമ എന്തോ തെറ്റുചെയ്തു. അതിൽ അദ്ദേഹത്തിന് കഠിനമായ ദ്വേഷം വന്നു. ശിക്ഷ കൊടുക്കണമെന്ന് വിചാരിച്ചതേയുള്ളു ആ അടിമ ആയത്തിന്റെ വൽ കാളിമീനൽ ഗയ്ള എന്ന ഭാഗം ഓതി. അവർ കോപം നിയന്ത്രിക്കുന്നവരാണെന്ന്! അപ്പോൾ ശിക്ഷിക്കുന്നതിന് കൈ ഓങ്ങിയ ഹസൻ(റ)അത് താഴേക്കിട്ടു. ആ സന്ദർഭത്തിൽ അടിമ പറഞ്ഞു: വൽആഫീന അതായത് അത്തരക്കാർ ജനങ്ങൾക്ക് മാപ്പുചെയ്തുകൊടുക്കുന്നവരുമാണ്. അപ്പോൾ ഹദ്റത്ത് ഹസൻ(റ)അല്ലാഹുവിന്റെ കല്പന അനുസരിച്ച് പറഞ്ഞു: പൊയ്ക്കോ! ഞാൻ നിനക്ക് മാപ്പു തന്നിരിക്കുന്നു.' അതുകേട്ട് അടിമ പറഞ്ഞു:വല്ലാഹു യുഹിബ്ബുൽ മുഹ്സിനീൻ അല്ലാഹു സുകൃതവാന്മാരെ ഇഷ്ടപ്പെടുന്നു. അപ്പോൾ അദ്ദേഹം ആ അടിമയോടു പറഞ്ഞു:'പൊയ്ക്കോ! ഞാൻ നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു.' എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളുക.(മൽഫൂദാത്ത് വാല്യം 1 പേജ് 179-180, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ സ്നേഹത്തെ ആഗ്രഹിക്കുന്നവരുടേയും അല്ലാഹുവിനോടു തഖ്‌വ കൈക്കൊള്ളുന്നവരുടേയും ജീവിത രീതിയാണിത്. അവർ കുറ്റം ചെയ്തവരുടെ കുറ്റം മാപ്പാക്കുന്നുവെന്ന് മാത്രമല്ല, പ്രത്യുത അവരിൽ നന്മയും ചെയ്യുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തുദ്ധരിച്ചുകൊണ്ട് ഒരിടത്ത് പറയുന്നു:

“ആരാണോ കാർക്കശ്യത്തോടെ പ്രവർത്തിക്കുന്നത്, ദ്വേഷപ്പെടുന്നത് അവന്റെ നാവിൽനിന്ന് ദൈവജ്ഞാനത്തിന്റേയും യുക്തിജ്ഞാനത്തിന്റേയും കാര്യങ്ങൾ ഒരിക്കലും പുറപ്പെടുകയില്ല. ആ മനസ്സ് യുക്തിപരമായ കാര്യങ്ങളിൽനിന്ന് തടയപ്പെടുന്നു. തന്റെ എതിരാളിയുടെ മുമ്പിൽ പെട്ടെന്ന് കോപാകുലനായി നിയന്ത്രണത്തിൽനിന്ന് പുറത്തുപോകുന്നവരാണവർ. ദുർചിന്താഗതിക്കാരനും കടിഞ്ഞാണില്ലാത്തവനുമായവന്റെ ചുണ്ട് മധുരമുള്ള അരുവിയിൽനിന്ന് പാനം ചെയ്യാൻ ഭാഗ്യമില്ലാത്തതും തടയപ്പെടുന്നതും ആക്കപ്പെടുന്നതാണ്.”(ചീത്തവിളിക്കുന്നവനും കടിഞ്ഞാണില്ലാതെ സംസാരിക്കുന്നവനും അല്ലാഹുവിന് ഇഷ്ടപ്പെട്ട യുക്തിപരമായതും ആഴത്തിലുള്ളതുമായ കാര്യങ്ങളിൽനിന്ന് പിന്തള്ളപ്പെടുന്നതാണ്) പറഞ്ഞു: “കോപവും യുക്തിജ്ഞാനവും കൂടിച്ചേരുകയില്ല. കോപത്തിന് അടിപ്പെടുന്നവരുടെ ബുദ്ധി തടിച്ചതും വിവേകം മന്ദവുമായിരിക്കും. അവന് ഒരിക്കലും ഒരു മൈതാനത്തും വിജയമോ സഹായമോ നല്കപ്പെടുകയില്ല. കോപം അര ഭ്രാന്താണ്. അത് കൂടുതൽ ജ്വലിക്കുമ്പോൾ മുഴുഭ്രാന്താകാനിടയുണ്ട്.”(മൽഫൂദാത്ത് വാല്യം 5 പേജ് 126-127, 1985 ലണ്ടൻ പതിപ്പ്)

അവിടന്ന് പറയുന്നു:“ബുദ്ധിയും ദ്വേഷവും തമ്മിൽ ഭയാനകമായ ശത്രുതയാണ്.”(ബുദ്ധിമാനിൽ അനാവശ്യമായി ദ്വേഷമുണ്ടാകുകയില്ല; കോപത്തിന്റെ ദ്വേഷം)

പറഞ്ഞു: “ദ്വേഷവും കോപവും വരുമ്പോൾ ബുദ്ധി നിലനില്ക്കുകയില്ല. പക്ഷേ, ആരാണോ ക്ഷമിക്കുന്നത് സംയമനത്തിന്റെ മാതൃകകാണിക്കുന്നത് അവന് ഒരു പ്രകാശം നല്കപ്പെടുന്നതാണ്. ഇതുമുഖേന അവന്റെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികളിൽ ഒരു പുതിയ പ്രകാശമുണ്ടാകുന്നു. പിന്നീട് പ്രകാശത്തിൽനിന്ന് പ്രകാശമുണ്ടാകുന്നു. ദ്വേഷത്തിന്റേയും കോപത്തിന്റേയും അവസ്ഥയിൽ മനസ്സും ബുദ്ധിയും ഇരുട്ടിലാകുന്നതുകൊണ്ട് ഇരുട്ടിൽനിന്ന് ഇരുട്ടാണ് പിന്നീടുണ്ടാകുന്നത്.(മൽഫൂദാത്ത് വാല്യം 3 പേജ് 180, 1985 ലണ്ടൻ പതിപ്പ്).

ഇസ്‌ലാമികാധ്യാപനം വളരെ യുക്തിഭദ്രമായിട്ടുള്ളതാണ്. ആരെങ്കിലും തെറ്റു ചെയ്താൽ തീരുമാനമെടുക്കുന്ന നേരത്ത് മനുഷ്യൻ ഏതു കാര്യത്തിനെതിരാണെങ്കിലും ഏതു വ്യക്തിക്കെതിരാണെങ്കിലും കോപാകുലനാകാതെ ചിന്തിച്ചും ആലോചിച്ചും തീരുമാനം കൈക്കൊള്ളേണ്ടതാണ്. ചിലയിടത്ത് കാർക്കശ്യം കാണിക്കേണ്ടിവരും. പക്ഷേ, ദ്വേഷവും കോപവുംകൊണ്ട് കാർക്കശ്യം കാണിക്കുക അനുവദനീയമല്ല. ഇസ്‌ലാമിൽ ശിക്ഷകൾ കൊടുക്കുക എന്ന സംഗതിയുണ്ട്. പക്ഷേ, അതിന് നിയമങ്ങളും ചട്ടങ്ങളുമുണ്ട്. കോപത്തിൽവന്നുകൊണ്ടുള്ള ശിക്ഷ യുക്തിദീക്ഷയിൽനിന്നും നീതിയിൽനിന്നും അകറ്റിക്കൊണ്ടുപോകുന്നതാണ്. അതുകൊണ്ട് അവിടന്ന് പറഞ്ഞു:'ദ്വേഷാവസ്ഥയിൽ ശിക്ഷ കൊടുക്കുകയാണെങ്കിൽ അത് മനസ്സിന്റെ ക്രൂരതയായിട്ടുമാറും. മനസ്സ് കഠിനമായിത്തീർന്നാൽ പിന്നീട് തത്ത്വപരമായതും യുക്തിപരമായതുമായ കാര്യങ്ങൾ വായിൽനിന്ന് പുറത്തുവരികയില്ല. എന്നല്ല ബുദ്ധി മരവിച്ചുപോകുന്നു. അതുകൊണ്ടാണ് കോപം അടിച്ചമർത്തുകയും ബുദ്ധിതണുപ്പിക്കുകയും ചെയ്തതിനുശേഷം ശിക്ഷ കൊടുക്കണോ കൊടുക്കാതിരിക്കണോ എന്ന് തീരുമാനിക്കാൻ അല്ലാഹു കല്പിച്ചിട്ടുള്ളത്. അതിന് അധികാരം ഉണ്ടായിരിക്കണമെന്ന നിബന്ധന ബാധകമാണ്. എല്ലാവർക്കും ശിക്ഷിക്കാൻ അധികാരമുണ്ട് എന്നല്ല. ദ്വേഷം അമർത്തുന്നതിന് ക്ഷമ ഉണ്ടായിരിക്കേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് ക്ഷമയുടെ നിലവാരത്തെ വർധിപ്പിക്കേണ്ട ആവശ്യമുണ്ട്. അവിടന്ന് പറഞ്ഞു: 'ക്ഷമിക്കുന്നവരുടെ ബുദ്ധിയുടേയും ചിന്തയുടേയും ശക്തികൾക്ക് വെളിച്ചം ലഭിക്കുന്നു. അവരുടെ ചിന്തകൾ പക്വമായിരിക്കും. അവർക്ക് വെളിച്ചം ലഭിക്കുന്നു. അവർക്ക് അല്ലാഹുവിൽനിന്നും മാർഗദർശനം കിട്ടുന്നു. ഒരു മുഅ്മിൻ ഏതെങ്കിലും കാര്യത്തിൽ ബുദ്ധികൊണ്ട് വിധിക്കാൻ പോകുന്നവനാണെ

## ഇർശാദുന്നബ്‌വി(സ)

“എന്റെ അഹ്‌ലുബയ്ത്തിന്റെ കാര്യത്തിൽ നിങ്ങൾക്കു ഞാൻ അല്ലാഹുവിനെ ഓർമിപ്പിക്കുന്നു.” (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഇർശാദുന്നബ്‌വി(സ)

“വിശുദ്ധ ഖുർആനിൽ സന്മാർഗവും പ്രകാശവുമുണ്ട്. അതുകൊണ്ട് നിങ്ങൾ ഖുർആൻ അവലംബിക്കുകയും അതിനെ മുറുകെ പിടിക്കുകയും ചെയ്യുക.” (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**പി.യൂസുഫ് & കുടുംബാംഗങ്ങൾ**
**മാത്തോട്ടം**

## ഇർശാദുന്നബ്‌വി(സ)

“'ജനങ്ങൾക്ക് ഇമാമാകേണ്ടത് അവരിൽ ധാരാളം ഖുർആൻ മനഃപ്പാഠമുള്ളവരാണ്.'
(മുസ്‌ലിം)

**ത്വാലിബെ ദുആ:**
**ആശിഖ് അഹ്മദ്, കണ്ണൂർ സിറ്റി**

ങ്കിൽ അത് ഇഷ്ടകരമല്ലാത്ത കാര്യമാണെങ്കിലും വേണ്ടില്ല അവരുടെ വിധിയിൽ എടുത്തുചാട്ടമുണ്ടാകുകയില്ല. മറിച്ച് ക്ഷമയോടും ചിന്തിച്ചും ആലോചിച്ചും വിധിക്കുന്നതാണ്. പോസിറ്റീവും നെഗറ്റീവുമായിട്ടുള്ള വശങ്ങൾ നോക്കി വിശദീകരണത്തിൽപ്പോയി അതിനുശേഷമായിരിക്കും വിധി പുറപ്പെടുവിക്കുക.

ഞാൻ പറഞ്ഞതുപോലെ ശിക്ഷകൊടുക്കുന്നതിനുള്ള അധികാരവും എല്ലാവർക്കുമില്ലെന്ന് മനസ്സിലാക്കിയിരിക്കുക. ഞാൻ ചിന്തിച്ചു, എന്റെ ബുദ്ധി ശിക്ഷ നല്കണമെന്നു പറയുന്നു, അതുകൊണ്ട് ഞാൻ ശിക്ഷ നല്കുന്നുവെന്ന് പറയാം. ശിക്ഷ നല്കുക എന്നത് ഇക്കാലഘട്ടത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ജോലിയാണ്. തന്റെ കുറ്റവാളികൾക്ക് മനുഷ്യന് മാപ്പുകൊടുക്കാം എന്നതിൽ സംശയമില്ല. എന്നാൽ, ശിക്ഷ കൊടുക്കുന്നതിന് നിയമസഹായം വേണ്ടതാണ്. അല്ലെങ്കിൽ ബന്ധപ്പെട്ട സ്ഥാപനത്തിന്റെ സഹായം വേണ്ടതാണ്. ഇക്കാര്യം മനുഷ്യൻ എപ്പോഴും മുന്നിൽ വെക്കുകയാണെങ്കിൽ ചെറിയ ചെറിയ കാര്യങ്ങളിൽ പരസ്പരമുണ്ടാകുന്ന വഴക്കുകൾ ഉണ്ടാകുകയില്ല. ഒരാൾ മറ്റൊരാൾക്കെതിരിൽ കേസുകൊടുത്ത് സമയവും പണവും നഷ്ടപ്പെടുത്തുന്നതും ഉണ്ടാകുകയില്ല. കേസ് കോടതിയിൽ കൊണ്ടുപോകുമ്പോൾ ഒരു കോടതി കുറ്റവാളിയ്ക്ക് മാപ്പുകൊടുക്കുന്നു. അപ്പോൾ അവനെന്തിന് മാപ്പു നല്കി അല്ലെങ്കിൽ ശിക്ഷയിൽ എന്തിന് ഇളവ് നല്കി എന്ന് ചോദിച്ച് എതിർകക്ഷിയുടെ കോപവും ദ്വേഷവും ജ്വലിച്ചുയരുന്നു. അങ്ങനെ അവർ അടുത്ത കോടതിയിൽ കേസു കൊണ്ടുപോകുന്നു. കാര്യങ്ങളും അത്ര വലിയ ഭയാനകമൊന്നുമായിരിക്കുകയില്ല. ചെറിയ ചെറിയ കാര്യങ്ങളായിരിക്കും. ഖളായിലും ഇത്തരം കാര്യങ്ങൾ വരുറുണ്ട്. ഖളായെക്കൊണ്ട് വിധി പറയിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് പറയുന്ന ചില അഹ്മദികളുമുണ്ട്. കോടതിയിലേക്ക് പോകുന്നു. വാസ്തവത്തിൽ കേസു നടത്തേണ്ട അത്ര വലിയ കാര്യമൊന്നുമായിരിക്കുകയില്ല അത്. ഇക്കാരണത്താൽ അവർക്ക് നഷ്ടവുമുണ്ടാകുന്നു. അല്ലാഹു നമ്മളോടു ദ്വേഷം അമർത്തിയതിനുശേഷം മാപ്പുകൊടുക്കാൻ പറഞ്ഞിരിക്കുന്നത് ഏതെങ്കിലും യുക്തികൂടാതെയല്ല. അതായത് മാപ്പുകൊടുത്തുകൊണ്ടേ പോകുക എന്ന്! മറിച്ച് മാപ്പിന്റേയും ശിക്ഷയുടേയും യുക്തി പറഞ്ഞുകൊണ്ട് വിധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു:

*വ ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫഅജ്‌റുഹൂ അലല്ലാഹി ഇന്നഹൂ ലാ യുഹിബ്ബുൽള്ളാലിമീൻ*

തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പുചെയ്യുകയും നന്മ വരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല. (42:41)

അതിനാൽ യഥാർഥകാര്യം കുറ്റവാളിക്ക് അവന്റെ കുറ്റത്തെകുറിച്ച് പറഞ്ഞുകൊടുത്ത് പരിഷ്കരിക്കുക എന്നതാണ്. പകരം വീട്ടുക എന്നതല്ല. കേസുകളിൽ കുടുക്കുക എന്നത് സ്വന്തം പണവും നഷ്ടപ്പെടുത്തുക എന്നതാണ്. മറ്റുള്ളവരുടെ പണവും നഷ്ടപ്പെടുത്തുക എന്നതാണ്. സ്വന്തം സമയവും നഷ്ടപ്പെടുത്തുക എന്നതാണ്. മറ്റുള്ളവരുടെ സമയവും നഷ്ടപ്പെടുത്തുക എന്നതാണ്. ജമാഅത്തിന്റെ ഓഫീസുകളിലാണ് കാര്യമെങ്കിൽ അവരെ തെറ്റു ധരിക്കുക എന്നതാണ്. മാപ്പുകൊടുക്കുന്നതുകൊണ്ട് നന്നാകുമെങ്കിൽ മാപ്പുകൊടുക്കുന്നതാണ് നല്ലത്. ഇനി നന്നാക്കാൻ ശിക്ഷകൊടുക്കേണ്ടതാണെങ്കിൽ വിവേകത്തിന്റെ തേട്ടമെന്നു പറയുന്നത് ശിക്ഷകൊടുക്കുക എന്നതാണ്. പിന്നീട് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾ വരെ കാര്യങ്ങൾ കൊണ്ടുപോകുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ യുക്തിഭദ്രമായ കല്പനയെ കുറിച്ച് പലയിടത്തും എഴുതിയിട്ടുണ്ട്. തിർയാഖുൽഖുലൂബിൽ ഒരിടത്ത് അവിടന്ന് പറയുന്നു:

“നിയമത്തിന്റേയും നീതിയുടേയും അടിസ്ഥാനത്തിൽ എല്ലാ ഓരോ തിന്മയ്ക്കുമുള്ള ശിക്ഷ അത്രത്തോളം തിന്മയാണ്. പക്ഷേ, ആരെങ്കിലും തന്നോടു പാപം ചെയ്ത ആൾക്ക് മാപ്പുകൊടുക്കുകയാണെങ്കിൽ, -ആ മാപ്പുകൊടുക്കുന്നതിൽ കുറ്റവാളിയുടെ പരിഷ്കരണമുണ്ടാവണമെന്ന നിബന്ധനയോടെ അല്ലാതെ മാപ്പുകിട്ടുന്നതോടെ തെറ്റുചെയ്യാൻ കൂടുതൽ തന്റേടമുള്ളവനും കടിഞ്ഞാണില്ലാത്തവനുമാകുക എന്നതല്ല- അത്തരം വ്യക്തി അല്ലാഹുവിൽനിന്ന് വലിയ പ്രതിഫലം പ്രാപിക്കുന്നതാണ്.” അതായത് മാപ്പുകൊടുക്കുന്നവൻ പ്രതിഫലം പറ്റുന്നതാണ്.”(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസായിൻ വാല്യം 15 പേജ് 163)

ബറാഹീനെ അഹ്മദിയ്യായിൽ അവിടന്ന് പറയുന്നു: ‘തിന്മയുടെ പ്രതിക്രിയയിൽ നീതിയുടെ നിയമം എന്നുപറയുന്നത് തിന്മ ചെയ്തയാൾക്ക് എത്രകണ്ട് തിന്മയാണോ അയാൾ ചെയ്തത് അത്രത്തോളം ശിക്ഷകൊടുക്കുക എന്നതാണ്. മാപ്പുചെയ്ത് എന്തെങ്കിലും നന്നാക്കാനുള്ള പ്രവൃത്തി ചെയ്യുന്നവന്റെ- അതായത് ദോഷകരമായ ഫലമുണ്ടാക്കുന്ന മാപ്പ് ആകരുത്-പ്രതിഫലം അല്ലാഹുവിലാണ്.’(ബറാഹീനെ അഹ്മദിയ്യാ റൂഹാനീ ഖസായിൻ വാല്യം 1 പേജ് 433-434 അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 3)

അതായത് മാപ്പുകൊടുക്കുന്നത് നന്നാകാൻവേണ്ടിയാണെങ്കിൽ വളരെ നല്ല കാര്യമാണ്. അതിന്റെ വിശദീകരണം ദോഷമുണ്ടാകാത്ത രീതിയിലുള്ള മാപ്പായിരിക്കണമെന്നതാണ്. ദോഷമൊന്നുമുണ്ടാകുന്നില്ലെങ്കിൽ അല്ലാഹു പറയുന്നു, അവന് മാപ്പുകൊടുക്കുന്നയാൾക്ക് കിട്ടുന്ന പ്രതിഫലം അല്ലാഹുവിന്റെ പക്കലുണ്ട്. അവൻ ആഗ്രഹിക്കുന്നത്ര കൊടുക്കുന്നതാണ്.

അതിനാൽ കുറ്റവാളിയുടെ രീതി ഭാവിയിൽ കുറ്റകൃത്യം ചെയ്യുകയില്ലെന്ന് കാണുന്നനേരത്താണ് വിട്ടു വീഴ്ചയും മാപ്പും ചെയ്യുക. പക്ഷേ, കുറ്റകൃത്യം തൊഴിലാക്കിയിട്ടുള്ള കുറ്റവാളികളുണ്ട്. അവർ കുറ്റം ചെയ്യുകയും എപ്പോഴും മാപ്പുചോദിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ശിക്ഷ നല്കേണ്ടത് നിർബന്ധമാണ്. അവന്റെ പരിഷ്കരണത്തിനുള്ള വഴി തുറക്കുംവിധമായിരിക്കണം ആ ശിക്ഷ.

ഒരിടത്ത് അവിടന്ന് പറയുന്നു:‘തിന്മയ്ക്കുള്ള പ്രതിക്രിയ തത്തുല്യമായ തിന്മയാണ്. എന്നാൽ, ആരാണോ മാപ്പുകൊടുക്കുകയും പാപം പൊറുക്കുകയും ആ മാപ്പുകൊടുക്കുന്നതുകൊണ്ട് ദോഷമൊന്നമില്ലാതെ എന്തെങ്കിലും പരിഷ്കരണം നടക്കുകയാണെങ്കിൽ അല്ലാഹു അവനെ ഇഷ്ടപ്പെടുകയും പ്രതിഫലം നല്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ എല്ലാ സ്ഥലത്തും പകവീട്ടൽ സ്തുത്യർഹമല്ല.”(അതായത് പകരം വീട്ടുന്നത് എല്ലായിടത്തും നിർബന്ധവും സ്തുത്യർഹവുമല്ല). “എല്ലായിടത്തും മാപ്പുകൊടുക്കുന്നതും സ്തുത്യർഹമല്ല.”( മാപ്പുകൊടുക്കുന്നതും സ്തുത്യർഹമല്ല). “പ്രത്യുത സന്ദർഭോചിതം പ്രവർത്തിക്കേണ്ടതാണ്.”(അവസരം എങ്ങനെയുള്ളതാണെന്ന് നോക്കേണ്ടതാണ്. ഗുണം ശിക്ഷകൊടുക്കുന്നതിലാണോ മാപ്പുകൊടുക്കുന്നതിലാണോ എന്ന് നോക്കേണ്ടതാണ്.)പ്രതിക്രിയയുടേയും മാപ്പിന്റേയും രീതി അവസരത്തിനും സന്ദർഭത്തിനും അനുസരിച്ചായിരിക്ക.”(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാള്യം19 പേജ് 30)

നിയമങ്ങൾ കൂടാതെ വ്യവസ്ഥകൾ കൂടാതെ ശിക്ഷ കൊടുക്കുക എന്നതല്ല. അല്ലെങ്കിൽ അനാവശ്യമായി മാപ്പുകൊടുക്കുക എന്നതല്ല. അതിന് പരിധികളുണ്ട്. ആ പരിധിയ്ക്കുള്ളിൽ ഇരിക്കേണ്ടതാണ്. നേട്ടം ഏതിലാണെന്ന് നോക്കേണ്ടതാണ്. ഇതാണ് ഇസ്‌ലാമിക ശിക്ഷയുടേയും മാപ്പിന്റേയും യുക്തി. അതായത് പരിഷ്കരണമായിരിക്കണം മുമ്പിലുണ്ടാവേണ്ടത്.

ഇക്കാലത്ത് ഭൗതികമായ നിയമങ്ങളിൽ എല്ലാ കുറ്റങ്ങൾക്കും ശിക്ഷനല്കുന്നതാണ് നമ്മൾ കാണുന്നത്. പിന്നീട് നന്നാകുന്നതിനുവേണ്ടി ജയിലുകളിൽ വെക്കുന്നു. പക്ഷേ, ഇവിടെത്തെ വികസ്വര രാജ്യങ്ങളിൽപ്പോലും അനുഭവസ്ഥരായവർ ഇപ്പോൾ എഴുതാൻ തുടങ്ങിയിരിക്കുന്നത് കുറ്റവാളി ശിക്ഷ അനുഭവിച്ച് ജയിലുകളിൽനിന്ന് പുറത്തുവരുമ്പോൾ കൂടുതൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നവനായിത്തീരുന്നുവെന്നാണ്. കാരണം ശിക്ഷ കൊടുക്കുന്നവരും കുറ്റവാളിയും വെറും നിയമങ്ങൾ പാലിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഭയം അവരിലുണ്ടാകുന്നില്ല. എന്തായാലും സത്യവിശ്വാസികൾക്കുള്ള പൊതുവായ നിർദേശം അവരിൽ കുറ്റങ്ങൾക്ക് മാപ്പു കൊടുക്കുന്ന ശീലമുണ്ടാകണമെന്നാണ്. കുറ്റത്തിന്റെ ഇനവും കുറ്റവാളിയുടെ അവസ്ഥയും മുൻകഴിഞ്ഞ രീതിയുമനുസരിച്ച് വിധിയുണ്ടാകേണ്ടതാണ്. കണ്ണും അടച്ചുകൊണ്ട് എല്ലാവർക്കും മാപ്പുകൊടുത്തുകൊണ്ടേ പോകാനും കോപാകുലനായിക്കൊണ്ട് ശിക്ഷയിലേക്ക് ചാഞ്ഞുകൊണ്ടിരിക്കാനും അല്ലാഹു ആഗ്രഹിക്കുന്നില്ല. മാപ്പുകൊടുത്തുകൊണ്ടേ പോകുന്നതിലൂടേയും സമൂഹത്തിൽ വിള്ളലുകൾ ഉണ്ടാകുന്നു. ശിക്ഷിച്ചുകൊണ്ടിരിക്കുന്നതിലൂടേയും വൈരാഗ്യവും പകയും വർധിക്കുന്നു. സമൂഹത്തിൽ വെറുപ്പിന്റെ ഭിത്തികൾ ഉയർന്നുവരുന്നു. അശാന്തി വ്യപിച്ചു കൊണ്ടുപോകുകയും ചെയ്യുന്നു.

നമ്മൾ പരിശോധിക്കുകയാണെങ്കിൽ, നമ്മുടെ ചുറ്റുവട്ടത്ത് ദൃഷ്ടി പതിപ്പിക്കുകയാണെങ്കിൽ ആരാണോ പീഢിപ്പിക്കപ്പെട്ടിട്ടുള്ളത് അവർ മറ്റുള്ളവർക്ക് പാഠമാകാൻ കുറ്റവാളികൾക്ക് ശിക്ഷ നല്കേണ്ടത് അനിവാര്യമാണെന്ന് ശക്തമായി ആവശ്യപ്പെടുന്നത് കാണാം. ആർക്കും ഒരു തരത്തിലുള്ള തെറ്റുകൾ ചെയ്യാനും പിന്നീട് ധൈര്യമുണ്ടാകരുത്. തെറ്റു ചെയ്തവൻ പറയുന്നത് മാപ്പു നല്കണമെന്നാണ്. ഇക്കാലത്ത് മനുഷ്യാവകാശ സംഘടനകളും ധാരാളമായിട്ടുണ്ടാകു

## ഇർശാദുന്നബ്‌വി(സ)

“ഖുർആൻ പാണ്ഡിത്യത്തിൽ എല്ലാവരും സമന്മാരാണെങ്കിൽ ഹദീഥിൽ കൂടുതൽ പാണ്ഡിത്യമുള്ളവർ ഇമാമാകേണ്ടതാണ്.’

(ബുഖാരി)

**ത്വാലിബെ ദുആ:**
**എം.എ.മുഹമ്മദ് കോഴിക്കോട്**

## ഇർശാദുന്നബ്‌വി(സ)

“നിങ്ങളിൽ ബുദ്ധിമാന്മാരും പ്രായപൂർത്തിയായവരുമാണ് നമസ്കാരത്തിൽ എന്റെ അടുത്ത് നില്ക്കേണ്ടത്. പിന്നീട് അവരോടടുത്തവരും, അതിനുശേഷം അവരോടടുത്തവരും.” (മുസ്‌ലിം)

**ത്വാലിബെ ദുആ:**
**അബ്ദുസ്സമദ് , പഴയങ്ങാടി**

## ഇർശാദുന്നബ്‌വി(സ)

“നമസ്കാരത്തിൽ നിങ്ങൾ നേരെ നില്ക്കുവിൻ. വളഞ്ഞു നില്ക്കരുത്. അങ്ങനെ വരുമ്പോൾ നിങ്ങളുടെ മനസ്സുകൾ ഭിന്നിച്ചേക്കും.”

മുസ്‌ലിം)

**ത്വാലിബെ ദുആ:**
**കെ.മുഹമ്മദ് സ്വാലിഹ്, കണ്ണൂർസിറ്റി.**

ന്നുണ്ട്. അവർ ചില നല്ല പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനോടൊപ്പം മാപ്പുകൊടുക്കുന്നതിലും അമിതമായ നിലയിൽ പ്രവർത്തിച്ചുകൊണ്ട് എല്ലാ കുറ്റവാളികൾക്കും മാപ്പു കൊടുപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇപ്രകാരം ദീനിന്റേയും അല്ലാഹുവിന്റേയും കല്പനകളെ കുറിച്ച് അല്പസ്വല്പം അറിയുന്ന കുറ്റവാളികളും മാപ്പുകൊടുക്കുക എന്നത് അല്ലാഹുവിന്റെ കല്പനയാണ്, അതുകൊണ്ട് മാപ്പ് നല്കേണ്ടതാണെന്ന് പറയുന്നു. കാരണം അല്ലാഹുതന്നെയും ദാസർക്ക് മാപ്പുകൊടുക്കുന്നു. അതുകൊണ്ട് നിങ്ങളും മനുഷ്യരോടുള്ള കടമകൾ നിറവേറ്റി മാപ്പു നല്കുക. വ്യക്തിപരമായ നിലയിലും എല്ലാവരും തങ്ങളുടെ കുറ്റവാളികൾക്ക് മാപ്പുനല്കുക. ജമാഅത്തിയായ നേട്ടമുണ്ടായാലും വേണ്ടില്ല, നഷ്ടമുണ്ടായാലും വേണ്ടില്ല അതെല്ലാം അവഗണിച്ചുകൊണ്ട് എല്ലാവർക്കും മാപ്പുനല്കണമത്രെ! ഇരുഭാഗത്തുനിന്നും ഇങ്ങനെ സജീവമായി സംസാരിക്കുന്നവർ ഒന്നുകിൽ കുറ്റകൃത്യം ശീലമാക്കിയവരായിരിക്കും. അല്ലെങ്കിൽ നീതിയിൽനിന്ന് അകന്ന് തങ്ങൾക്കനുകൂലമായി വിധി പറയിപ്പിക്കാൻ ആഗ്രഹിക്കുന്നവരായിരിക്കും. ഒന്ന് കുറ്റകൃത്യം ചെയ്യുന്നു. പിന്നീട് കുറ്റകൃത്യത്തിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അല്ലാഹുവിന്റെ കല്പനയെ വളച്ചൊടിക്കുന്നു. ഇക്കൂട്ടർ സ്വാർഥമതികളാണ്. അവരോടു ആരെങ്കിലും എന്തെങ്കിലും ചെയ്താൽ അവർ ഒരിക്കലും മാപ്പാക്കുകയില്ല. എന്നല്ല കുറ്റവാളിക്ക് ശിക്ഷ നല്കാൻ എല്ലാ വിധേനയും സജീവമായി ശ്രമിക്കുന്നു. അതായത് അവരുടെ നിയമം ഇവിടെ മാറിപ്പോകുന്നു. ആ നേരത്ത് എന്തൊന്നു തനിക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അത് തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക എന്ന കല്പന മറന്നുപോകുന്നു.

ഇപ്രകാരംതന്നെ മാപ്പുകൊടുക്കാനാഗ്രഹിക്കാത്തവരും തന്നോടു ചെയ്തവന് തീർച്ചയായും ശിക്ഷകിട്ടണമെന്ന് ആഗ്രഹിക്കുന്നവനും തന്റെ സ്വന്തം കാര്യമാണെങ്കിൽ മാപ്പുചോദിച്ചുകൊണ്ടു മാപ്പ് നല്കുന്നത് നല്ലതാണെന്ന് പറയും. ഇസ്‌ലാം ഇത്തരം സ്വാർഥമതികളുടെ കാര്യങ്ങൾ ഖണ്ഡിക്കുന്നു. അങ്ങേയറ്റം നീതിയിലധിഷ്ഠിതമായ വിധി പുറപ്പെടുവിക്കുന്നു. അതായത് മാപ്പു നല്കുന്നതുകൊണ്ട് നന്നാകുമെന്ന് ഉറപ്പുണ്ടെങ്കിൽ മാപ്പു നല്കുന്നത് ഉത്തമമാണ്. എന്നാൽ, ശിക്ഷ കൂടാതെ രക്ഷയില്ലെന്നു കണ്ടാൽ നിർബന്ധമായും ശിക്ഷ നല്കേണ്ടതാണ്. എന്തായാലും ഇത് ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനമാണ്.

നബി(സ)തിരുമേനി ഏതു പരിധിവരെ മാപ്പു കൊടുക്കാറുണ്ടായിരുന്നുവെന്ന് നമുക്ക് ഇനി നോക്കാം. അവിടന്ന് സ്വഹാബാക്കൾക്ക് എന്തു ഉപദേശങ്ങളാണ് നല്കിയിരുന്നത്. ഹദ്റത്ത് ഇമാം ഹസന്റെ ഉദാഹരണം ഞാൻ നല്കുകയുണ്ടായി. അദ്ദേഹം തന്റെ ഉദ്യോഗസ്ഥന്റെ ഒരു തെറ്റിനു മാപ്പു കൊടുത്തു. അതൊരു ചെറിയ തെറ്റായിരുന്നു. മാപ്പുകൊടുക്കുന്നതിന്റെ മിഅ്റാജ്(കോണിപ്പടി)നമുക്ക് നബി(സ)തിരുമേനിയുടെ ജീവിതത്തിൽ കാണാൻകഴിയുന്നു. ശിക്ഷ വിധിക്കപ്പെട്ടവർക്കും നബി(സ)തിരുമേനി മാപ്പുകൊടുക്കുകയുണ്ടായി. മറ്റുള്ളവരുടെ ആരുടെയെങ്കിലും കുറ്റവാളിയ്ക്കല്ല മാപ്പു കൊടുത്തത്. പ്രത്യുത സ്വന്തം മക്കളുടെ ഘാതകർക്കാണ് മാപ്പു കൊടുത്തത്. കാരണം അവരുടെ പരിഷ്കരണം നടന്നു കഴിഞ്ഞിരുന്നു.

നിവേദനങ്ങളിൽ ഒരു സംഭവം വരുന്നുണ്ട്. ഹബ്ബാർ ബിൻ അസ്‌വദ് എന്നയാൾ നബി(സ)തിരുമേനിയുടെ മകൾ സയ്നബിനുമേൽ മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റ പോകുന്ന നേരത്ത് കുന്തംകൊണ്ട് വധാക്രമണം നടത്തി. അവർ ആ സമയത്ത് ഗർഭിണിയായിരുന്നു. ആക്രമണം കാരണത്താൽ അവരുടെ ഗർഭം അലസിപ്പോയി. പരിക്കുമേറ്റു. ആ പരിക്കുകാരണത്താൽ അവിടന്ന് വഫാത്തുകുകയും ചെയ്തു. ഈ കുറ്റം കാരണത്താൽ ഹബ്ബാറിന്നെതിരെ വധശിക്ഷ വിധിക്കപ്പെട്ടു. മക്ക വിജയത്തിന്റെ അവസരത്തിൽ ഇയാൾ എവിടേക്കോ ഓടിപ്പോയി. എന്നാൽ, പിന്നീട് നബി(സ)തിരുമേനി മടങ്ങി മദീനയിലെത്തിയപ്പോൾ ഹബ്ബാർ, നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി കരുണ യാചിക്കുന്നുവെന്ന് പറഞ്ഞു. ആദ്യം ഞാൻ അങ്ങയെ ഭയന്ന് ഓടിപ്പോയതാണ്. പക്ഷേ, എന്നെ അങ്ങയുടെ മാപ്പും കരുണയും മടക്കിക്കൊണ്ടുവന്നു. അല്ലാഹുവിന്റെ നബിയേ! ഞങ്ങൾ അജ്ഞരായിരുന്നു. ബഹുദൈവാരാധകരായിരുന്നു. അല്ലാഹു ഞങ്ങൾക്ക് അങ്ങ് മുഖേന ഹിദായത്തുനല്കി. നാശത്തിൽനിന്ന് രക്ഷിച്ചു. എന്റെ അതിക്രമങ്ങൾ ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് എന്റെ അജ്ഞത അങ്ങ് വിട്ടുവീഴ്ച ചെയ്താലും. എനിക്കു മാപ്പുതന്നാലും. അങ്ങനെ നബി(സ)തിരുമേനി തന്റെ മകളുടെ ആ ഘാതകന് മാപ്പുകൊടുത്തു. പറഞ്ഞു, പൊയ്ക്കോ ഹബ്ബാറേ! ഞാൻ നിനക്കു മാപ്പ് തന്നിരിക്കുന്നു. പിന്നീടു പറഞ്ഞു അല്ലാഹു നിനക്ക് ഇസ്‌ലാം സ്വീകരിക്കാൻ തൗഫീഖ് നല്കിയത് അവന്റെ ഔദാര്യമാണ്." അങ്ങനെ പരിഷ്കരണം നടന്നുകഴിഞ്ഞിരിക്കുന്നുവെന്ന് നബി(സ)തിരുമേനി കണ്ടപ്പോൾ തന്റെ മകളുടെ ഘാതകനും പൊറുത്തുകൊടുത്തു.(താരീഖുൽ ഖുമൈസ് വാള്യം 2 പേജ് 93)

ഹദ്റത്ത് ആയിശ(റ) പറയുന്നു: "നബി(സ) തിരുമേനി തന്റെമേൽ ഉണ്ടായിട്ടുള്ള ഒരു അതിക്രമത്തിനും ഒരിക്കലും പകരം വീട്ടിയിട്ടില്ല." (സഹീഹ് മുസ്‌ലിം കിതാബുൽ ഫളായിൽ ഹദീഥ് 5944)

അതുകൊണ്ടാണല്ലോ തന്നെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ച യഹൂദ സ്ത്രീക്കും അവിടന്ന് മാപ്പുകൊടുത്തത്. വാസ്തവത്തിൽ ചില സ്വഹാബാക്കൾക്ക് വിഷം ബാധിക്കുകയും ചെയ്തിരുന്നു.(സീറത്തു ഇബ്നു ഹിശാം)

പിന്നെയുള്ളത് ഹിന്ദാണ്. അവർ ഉഹുദ് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത്(റ)ന്റെ മൃതശരീരം വികൃതമാക്കിയതാണ്. അദ്ദേഹത്തിന്റെ ശരീരാവയവങ്ങൾ കടിച്ചിരുന്നു. ചെവിയും മൂക്കുമെല്ലാം അരിഞ്ഞിരുന്നു. കരളെടുത്ത് ചവച്ചിരുന്നു. മക്ക വിജയാവസരത്തിൽ മറ്റു സ്ത്രീകളോടൊപ്പം അവർ ബയ്അത്തു ചെയ്തു. അവരുടെ ചില ചോദ്യങ്ങളിൽനിന്ന് നബി(സ)തിരുമേനി അവരെ തിരിച്ചറിഞ്ഞു. നീ അബൂ സുഫ്‌യാന്റെ ഭാര്യ ഹിന്ദാണോ? എന്ന് അവിടന്ന് ചോദിച്ചു. അപ്പോൾ അതേ, അല്ലാഹുവിന്റെ റസൂലേ! എന്ന് അവർ പറഞ്ഞു; ഇപ്പോൾ ഞാൻ ആത്മാർഥമായി മു സ്ലിം ആയിക്കഴിഞ്ഞിരിക്കുന്നു. മുമ്പേ കഴിഞ്ഞതെല്ലാം മാപ്പാക്കിയാലും. നബി(സ)തിരുമേനി ഹിന്ദിനും മാപ്പു നല്കി. അവിടന്ന് നല്കിയ മാപ്പ് അവരുടെ മുഖച്ഛായതന്നെ തികച്ചും മാറ്റിമറിച്ചു. വളരെ ആത്മാർഥയുള്ളവരായി. എന്നു മാത്രമല്ല അതേ ദിവസം വൈകുന്നേരം അവർ നബി(സ)തിരുമേനിയ്ക്ക് വിരുന്നൊരുക്കി. രണ്ടാടുകളെ പാകം ചെയ്ത് കൊടുത്തയച്ചു. 'ഇക്കാലത്ത് മൃഗങ്ങൾ കുറവാണന്നും അതുകൊണ്ട് നിസാരമായൊരു ഉപഹാരമാണ് സമർപിക്കുന്നത്'എന്ന് പറയാനും പറഞ്ഞു. അതുകേട്ട് നബി(സ)തിരുമേനി ദുആ ചെയ്തു:'അല്ലാഹുവേ! ഹിന്ദിന്റെ ആട്ടിൻപറ്റത്തിനുമേൽ ഒരുപാട് അനുഗ്രഹം ചൊരിഞ്ഞാലും.' പറയുന്നു:'ഈ ദുആയുടെ ഫലമായി ആട്ടിൻപറ്റങ്ങളെ സംരക്ഷിക്കാൻ പറ്റാത്തവിധം അവ വർധിച്ചു.'(സീറത്തു ഹൽബിയ്യ വാള്യം 3 പേജ് 137-139)

കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ അബീ സുലൂലിനെ എല്ലാവരും അറിയുന്നതാണ്. ഇങ്ങനെയൊക്കെയായിട്ടും അയാളുടെ എല്ലാ ധൃഷ്ടതകളും പൊറുത്തുകൊടുത്തു. ഹദ്റത്ത് ഉമർ(റ) അയാളുടെ ജനാസ നമസ്കരിക്കരുതെന്ന് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടും നബി(സ)തിരുമേനി അയാളുടെ ജനാസയും നമസ്കരിച്ചു. (സഹീഹ് ബുഖാരി കിതാബുൽ ജനായിസ് ഹദീഥ് 1366)

കഅ്ബ് ബിൻ സുഹയ്ർ ഒരു പ്രശസ്തകവിയായിരുന്നു. ചില കാരണങ്ങൾകൊണ്ട് അയാൾക്കെതിരിലും ശിക്ഷ പുറപ്പെടുവിച്ചു കഴിഞ്ഞിരുന്നു. മക്ക വിജയത്തിനുശേഷം അയാളുടെ സഹോദരൻ അയാൾക്കെഴുതി:'ഇപ്പോൾ വന്ന് നബി(സ) തിരുമേനിയോടു മാപ്പു ചോദിക്കുക.'അങ്ങനെ അയാൾ മദീനയിൽ വന്ന് തന്റെ പരിചയമുള്ള ഒരാളുടെ അടുത്ത് താമസിച്ചു. സുബ്ഹി നമസ്കാരം മസ്ജിദ് നബ്‌വിയിൽ നബി(സ)തിരുമേനിയുടെ പിന്നിൽ നമസ്കരിച്ചു. നമസ്കാരത്തിനുശേഷം നബി(സ)തിരുമേനിയോടു പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ, കഅ്ബ് ബിൻ സുഹയ്ർ തൗബ ചെയ്തുകൊണ്ട് വന്നിരിക്കുന്നു. മാപ്പിന് യാചിക്കുന്നു.' നബി(സ)തിരുമേനി രൂപം കൊണ്ട് അയാളെ തിരിച്ചറിഞ്ഞിരുന്നില്ല. അതുകൊണ്ട് അനുവാദമുണ്ടെങ്കിൽ അയാളെ ഹാജരാക്കാമെന്ന് അയാൾ പറഞ്ഞു.'വരാൻ അവിടന്ന് പറഞ്ഞു. കടന്നുവന്നപ്പോൾ അദ്ദേഹം പറഞ്ഞു:'അല്ലാഹുവിന്റെ റസൂലേ! ഞാൻ കഅ്ബ് ബിൻ സുഹയ്റാണ്.' അപ്പോൾ ഒരു അൻസ്വാരി അയാളെ കൊല്ലാൻ ചാടിയെഴുന്നേറ്റു. കാരണം അയാൾക്കെതിരിൽ വധ ശിക്ഷ വിധിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അയാൾ മാപ്പ് ആഗ്രഹിച്ചുകൊണ്ടാണ് വന്നിട്ടുള്ളത്. അയാളെ വെറുതെ വിടുക.' അതിനുശേഷം അദ്ദേഹം നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരു ഖസ്വീദ ആലപിച്ചു. അതിൽ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് നബി(സ)തിരുമേനി തന്റെ ഷാൾ അയാളെ അണിയിച്ചു.'(താരീഖുൽ ഖുമൈസ് വാള്യം 2 പേജ് 121)

ഇതായിരുന്നു നബി(സ)തിരുമേനിയുടെ മാപ്പിന്റെ നിലവാരം. മാപ്പു മാത്രം കൊടുക്കാതെ ഉപഹാരങ്ങൾ നല്കി, ദുആകൾ ചെയ്ത് യാത്രയാക്കിയിരുന്നു. നബി(സ)തിരുമേനിയുടെ മാപ്പിന്റെ സംഭവങ്ങൾ നിരവധിയാണ്. അത് മനുഷ്യനെ അത്ഭുതപ്പെടുത്തും വിധം ഉച്ചിയിലെത്തി നില്ക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചവരെ വലിയ വലിയ ചീത്തകൾ വിളിച്ചു. വളരെ മോശമായ നിലയിൽ പീഢിപ്പിച്ചു. എന്നാൽ, അവരോടു പറയപ്പെട്ടത് അഅ്രിള് അനിൽ ജാഹിലീൻ(അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞു മാറുക-7:200) എന്നായിരുന്നു. സമ്പൂർണ മനുഷ്യനായ നബി(സ) തിരുമേനിയെ തന്നെയും വളരെ മോശമായ രീതിയിൽ ബുദ്ധിമുട്ടിക്കുകയായിരുന്നു. ചീത്തവിളിക്കുകയും അപഹസിക്കുകയും അവഹേളിക്കുകയും ചെയ്തു. എന്നാൽ, നബി(സ)തിരുമേനി അതിനെതിരിൽ എന്താണ് ചെയ്തത്. അവർക്കുവേണ്ടി ദുആ ചെയ്തു. കാരണം അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞു മാറിയാൽ നിന്റെ അന്തസിനേയും ജീവനേയും കാത്തുസൂക്ഷിക്കുമെന്നും അങ്ങാടികൂട്ടർക്ക് ആക്രമണം നടത്താൻ കഴിയുകയില്ലെന്നും അല്ലാഹു വാഗ്ദാനം ചെയ്തിരുന്നു. അങ്ങനെതന്നെയാണ് സംഭവിച്ചതും. നബി(സ)തിരുമേനിയുടെ എതിരാളികൾക്ക് ആ മഹാത്മാവിനെ അപമാനിക്കാൻ കഴിഞ്ഞില്ല. സ്വയം അപമാനിതരായി അവിടത്തെ കാൽക്കീഴിൽ വന്നു വീണു. അല്ലെങ്കിൽ കൺമുമ്പിൽ നശിച്ചൊടുങ്ങി."(മൽഫൂദാത്ത് വാള്യം 1 പേജ് 103, 1985 ലണ്ടൻ പതിപ്പ്)

നബി(സ)തിരുമേനി തന്റെ സ്വഹാബാക്കളെ മാപ്പിന്റേയും വിട്ടുവീഴ്ചയുടേയും ഏതൊരു നിലവാരം കരസ്ഥമാക്കാനാണോ ഉപദേശിച്ചത്, അതിനെ സംബന്ധിച്ച് നിവേദനങ്ങളിൽനിന്ന് ധാരാളം സംഭവങ്ങൾ ലഭിക്കുന്നുണ്ട്. ഒന്നുരണ്ടെണ്ണം ഞാൻ സമർപിക്കുകയാണ്.

ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! എനിക്ക് ഒരു അടിമയു

ണ്ട്. അവൻ തെറ്റു ചെയ്യുന്നു. അവനെ ശാരീരികമായ ശിക്ഷിക്കാൻ എനിക്ക് അനുവാദമുണ്ടോ? നബി(സ)തിരുമേനി പറഞ്ഞു:'നീ അവന് നിത്യവും 70 തവണ വിട്ടുവീഴ്ച ചെയ്യുക.'(മജ്മഉസ്സവായിദ് വാള്യം 4 പേജ് 309) അതായത് ധാരാളമായിട്ട് വിട്ടുവീഴ്ച ചെയ്യുക. ഉദ്യോഗസ്ഥന്മാരോടും കീഴിലുള്ളവരോടും നല്ലരീതിയിൽ പെരുമാറേണ്ടതിന്റെ ഈ നിലവാരമാണ് നബി(സ)തിരുമേനി നിശ്ചയിച്ചത്.

ഇവിടെ ഇക്കാര്യവും വ്യക്തമാക്കട്ടെ. ഇക്കാലത്ത് അടിമത്തമില്ല. ഒരു മുഅ്മിൻ ഉദ്യോഗസ്ഥനിൽനിന്നും പ്രതീക്ഷിക്കുന്നത് എന്തൊരു നിർബന്ധകാര്യമാണോ അവനിൽ അർപിതമായിരിക്കുന്നത് അതു അവനും നിറവേറ്റണമെന്നാണ്. വിട്ടുവീഴ്ച ചെയ്യാനുള്ള കല്പനയുണ്ട്. അതുകൊണ്ട് എല്ലാ ജോലിയും മോശമാക്കിക്കൊണ്ടിരിക്കുക എന്നതല്ല. ഇതും തെറ്റായ കാര്യമാണ്. ഏല്പിക്കപ്പെട്ട ഉത്തരവാദിത്വം പൂർണമായും നിറവേറ്റാൻ മറ്റുസ്ഥലങ്ങളിൽ കല്പനയുണ്ട്. അതിനാൽ ഇരുഭാഗത്തും ഈ കല്പനയുണ്ട്. ചെറിയ ചെറിയ കാര്യങ്ങളിൽ വെറുപ്പ് പ്രകടിപ്പിക്കരുതെന്നും വിട്ടുവീഴ്ച ചെയ്യണമെന്നും മുതലാളിയോടു പറയുമ്പോൾ തന്നിൽ അർപിതമായിരിക്കുന്ന ഉത്തരവാദിത്വം പൂർണമായും നിറവേറ്റണമെന്ന് തൊഴിലാളിയോടും കല്പിക്കുന്നു.

മാപ്പ് കൊടുക്കുന്നതിനേയും വിട്ടുവീഴ്ച ചെയ്യുന്നതിനേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഈ ജമാഅത്ത് തയ്യാറാക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം നാവ്, ചെവി, കണ്ണ്, എല്ലാ ഓരോ അവയവങ്ങളിലൂടേയും തഖ്‌വ പ്രവേശിക്കുക എന്നതാണ്. തഖ്‌വയുടെ പ്രകാശം അതിന്റെ ഉള്ളിലും വെളിയിലും ഉണ്ടാകുക. ഉൽകൃഷ്ടമായ സ്വഭാവഗുണങ്ങളുടെ ഉന്നതമായ മാതൃക ഉണ്ടാകുക. അനാവശ്യമായ കോപം വിദ്വേഷം തുടങ്ങിയവ ഉണ്ടാകാതിരിക്കുക. പറയുന്നു, ജമാഅത്തിലെ മിക്ക അംഗങ്ങളിലും കോപം എന്ന ന്യൂനത ഇപ്പോഴും നിലനില്ക്കുന്നതായി ഞാൻ കാണുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ പകയും വിദ്വേഷവും ഉണ്ടാകുന്നു. പരസ്പരം വഴക്കിടുകയും കലഹിക്കുകയും ചെയ്യുന്നു. അത്തരക്കാർക്ക് ജമാഅത്തിൽനിന്ന് ഒരു ഭാഗവും ഉണ്ടാകുകയില്ല." പറയുന്നു:"ആരെങ്കിലും ചീത്ത വിളിച്ചാൽ ഇതരൻ മൗനം പാലിക്കുകയും മറുപടി കൊടുക്കാതിരിക്കുയും ചെയ്യുന്നതുകൊണ്ട് എന്തു ബുദ്ധിമുട്ടുണ്ടാകാനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ജമാഅത്തിലെ ഓരോ വ്യക്തിയുടേയും പരിഷ്കരണം ഒന്നാമതായി സൽസ്വഭാവത്തിൽനിന്നാണ് തുടങ്ങുന്നത്. തുടക്കത്തിൽ ക്ഷമയോടുകൂടി ശിക്ഷണത്തിൽ അഭിവൃദ്ധിപ്പെടേണ്ടതാണ്. ആരെങ്കിലും ചീത്തവാക്കുപറഞ്ഞാൽ അവനുവേണ്ടി വേദനിക്കുന്ന മനസ്സോടെ ദുആ ചെയ്യുക എന്നതാണ് ഏറ്റവും നല്ല രീതി." (ക്ഷമിക്കുന്നതിനുമുമ്പേ സ്വന്തം തർബിയ്യത്ത് ചെയ്യുക. മറ്റുള്ളവരുടെ തർബിയ്യത്തും ചെയ്യുക. അതിനുള്ള മാർഗം ദുആ ചെയ്യുക എന്നതാണ്)."അല്ലാഹു അവനെ നന്നാക്കട്ടെ എന്ന്. മനസ്സിൽ ഒരിക്കലും പക വളർത്തരുത്." പറഞ്ഞു:' നല്ല വിശേഷഗുണങ്ങളായ സഹനശീലത്തിന്റേയും ക്ഷമയുടേയും മാപ്പിന്റേയും സ്ഥാനത്ത് ക്രൂരത ഉണ്ടാകുന്നത് അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ ഈ സൽഗുണങ്ങളിൽ പുരോഗതി പ്രാപിക്കുകയാണെങ്കിൽ അതിവേഗം അല്ലാഹുവിനോളം എത്തുന്നതാണ്."പറഞ്ഞു:"എല്ലാവരും ഒരു സ്വഭാവക്കാരല്ലെന്നത് സത്യമാണ്."(സ്വഭാവങ്ങൾ പലതായിരിക്കും). പറഞ്ഞു:"അതുകൊണ്ടാണ് വിശുദ്ധ ഖുർആനിൽ കുല്ലുൻ യഅ്മലു അലാ ശാക്കിലത്തിഹീ എന്നു വന്നിട്ടുള്ളത്.(17:85)(ഓരോരുത്തരും അവരവരുടെ രീതിയനുസരിച്ച് പ്രവർത്തിക്കുന്നു.)പക്ഷേ, അവിടന്ന് പറയുന്നു:'ചില യാളുകൾ ഒരുതരത്തിലുള്ള സ്വഭാവത്തിൽ നല്ലവരാണെങ്കിൽ മറ്റുതരത്തിൽ ദുർബലരാണ്. ഒരു സ്വഭാവത്തിന്റെ നിറം നല്ലതാണെങ്കിൽ മറ്റേതിന്റേത് മോശമായിരിക്കും." പറഞ്ഞു:'പക്ഷേ, അതുകൊണ്ട് പരിവർത്തനം അസംഭാവ്യമാണെന്ന് വരുന്നില്ല."(മൽഫൂദാത്ത് വാള്യം 7 പേജ് 127–128, 1985 പതിപ്പ്)

എല്ലാവരുടേയും പ്രകൃതി അല്ലാഹുവാണ് സൃഷ്ടിച്ചിട്ടുള്ളത്. ചിലരുടെ ചില സ്വഭാവങ്ങൾ വളരെ നല്ലതാണ്. അതിൽ പുരോഗതിയുണ്ട്. പക്ഷേ, മറ്റുള്ളവയിൽ ബലഹീനതയാണ്. പക്ഷേ, ഇതുകൊണ്ടുള്ള ഉദ്ദേശ്യം ഇസ്‌ലാഹ് അഥവാ പരിഷ്കരണം അസംഭാവ്യമാണെന്നോ എല്ലാ സ്വഭാവങ്ങളും സ്വായത്തമാക്കാൻ കഴിയുകയില്ലെന്നോ അല്ല.

മനുഷ്യന്റെ സ്വഭാവങ്ങൾ വിവിധങ്ങളാണെന്നത് ശരിതന്നെ. അവയിൽ ബലഹീനതകളുണ്ട്. അവയിൽ കുറച്ച് നന്മകളുമുണ്ട്. അല്ലാതെ എല്ലാ ഓരോരുത്തരിലും നന്മകളൊന്നുമില്ലെന്നും അപ്പാടെ ബലഹീനതകളാണെന്നുമല്ല. നന്മകളുമുണ്ട്. ദൗർബല്യങ്ങളുമുണ്ട്. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽനിന്നാഗ്രഹിക്കുന്നത് അല്ലാഹുവിന്റെ കല്പനകളിലൂടെ നടന്ന് നമ്മൾ നമ്മുടെ ഇസ്‌ലാഹിനുവേണ്ടി(സംസ്കരണത്തിനുവേണ്ടി) ശ്രമിക്കണമെന്നാണ്. ഒരു യഥാർഥ മുഅ്മിന്റെ നിലവാരത്തിലുള്ള സ്വഭാവങ്ങൾ സ്വായത്തമാക്കേണ്ടതാണ്. ദൗർബല്യങ്ങൾ അകറ്റാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. നമ്മൾ നമ്മുടെ പരിസരം സമാധാനനിർഭരമാക്കാൻ ശ്രമിക്കേണ്ടതാണ്. അതിനുവേണ്ടി നബി(സ)തിരുമേനി പറഞ്ഞ അടിസ്ഥാനപരമായ കാര്യം, എന്തൊന്ന് നമ്മൾ നമുക്കുവേണ്ടി ഇഷ്ടപ്പെടുന്നുവോ അല്ലെങ്കിൽ ആഗ്രഹിക്കുന്നുവോ അത് നമ്മുടെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടുക അല്ലെങ്കിൽ ആഗ്രഹിക്കുക എന്നാണ്. നമ്മൾ ഈ നിലവാരം കരസ്ഥമാക്കുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

( പേജ് 8ൽ നിന്ന്)

ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യത്തിന് വിധേയമായിട്ടാണ് നമ്മുടെ മസ്ജിദുകൾ നിലകൊള്ളുന്നത്. മസ്ജിദുകൾ നിർമിക്കപ്പെടുമ്പോൾ അവിടെനിന്ന് ഈ സ്നേഹത്തിന്റേയും മൈത്രിയുടേയും സന്ദേശവും കൂടുതൽ മനോഹരമായ നിലയിൽ തെളിഞ്ഞ് ലോകത്ത് വ്യാപിക്കുന്നു. ഈ മസ്ജിദ് നിർമിച്ചതിനുശേഷം അഹ്മദികൾ മുമ്പത്തെക്കാൾ കൂടുതൽ ആരാധനാകർമങ്ങൾ നിർവഹിക്കുന്നവർ ആകുന്നതോടൊപ്പം ഈ ചുറ്റുപാടിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനത്തെ പരത്തുന്നവരുമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലാഹു അവർക്ക് ഇതിന് തൗഫീഖ് നല്കുമാറാകട്ടെ. ശുക്‌രിയ.

( പേജ് 2ൽ നിന്ന്)

അപ്പോൾ ഞങ്ങളിൽ ചിലർ സുജൂദിലായിരുന്നു. ചിലർ റുക്കൂഇൽ ആയിരുന്നു. ഞങ്ങളെ അവർ കൊന്നു. ഇപ്പോൾ താങ്കളുടെ സഹായം തേടി ഞങ്ങൾ വന്നിരിക്കുകയാണ്.' ആ സംഘത്തെ ദർശനത്തിൽ ഞാൻ കണ്ടപ്പോൾ 'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക'എന്നു ഞാൻ പറഞ്ഞു. ഞാൻ നിങ്ങളെ സഹായിക്കാൻ സന്നദ്ധനാണെന്ന്.[13]

പിന്നീടു ഞാൻ പറഞ്ഞു, 'നുസ്വിർത്ത, നുസ്വിർത്ത, നുസ്വിർത്ത' നിങ്ങളെ ഞാൻ സഹായിക്കുമെന്ന്. ഹദ്റത്ത് മയ്മൂന(റ)ദർശനത്തിൽ ആ സംഘത്തെ കണ്ടിരുന്നില്ല. പക്ഷേ,, നബി(സ)തിരുമേനിയുടെ ശബ്ദം കേട്ടു. കുറച്ചു ദിവസത്തിനുശേഷം അങ്ങനെതന്നെ സംഭവിക്കുകയും ചെയ്തു. അല്ലാഹു തആല ഈ സംഭവത്തിന് ഹദ്റത്ത് മയ്മൂന(റ)യെ സാക്ഷിയാക്കി.[14]

ഹദ്റത്ത് മയ്മൂന(റ) ദരിദ്രരെ സഹായിക്കാൻ വേണ്ടി ചിലപ്പോൾ കടം വാങ്ങാറുണ്ടായിരുന്നു. വീട്ടിലുള്ള ആരോ ഇത് ശരിയല്ലെന്ന് പറഞ്ഞത് ഹദ്റത്ത് മയ്മൂന(റ)യ്ക്ക് ഇഷ്ടപ്പെട്ടില്ല. അത്യാവശ്യഘട്ടത്തിൽ കടം വാങ്ങാവുന്നതാണ് എന്നുള്ള തന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ നിർദേശം അവർ കേൾപ്പിച്ചു: 'മുസ്‌ലീംകളിലാരെങ്കിലും കടം വാങ്ങുകയും അല്ലാഹു അത് വീട്ടിക്കൊള്ളുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ അദൃശ്യമായ ഖജനാവുകളിൽനിന്ന് അതു വീട്ടാനുള്ള ഏർപാടു ചെയ്യുന്നതാണ്.'

അടിമകളെ മോചിപ്പിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. ഒരു അടിമസ്ത്രീയെ മോചിപ്പിച്ചപ്പോൾ നബി(സ) പറഞ്ഞു: 'അല്ലാഹു അതിനു നിനക്കു പ്രതിഫലം നല്കുമാറാകട്ടെ.'[15]

മറ്റൊരു സംഭവമുണ്ട്. നബി(സ)തിരുമേനിയോടു പറയാതെ ഒരിക്കൽ മറ്റൊരു അടിമസ്ത്രീയെ മോചിപ്പിച്ചു. നബി(സ) വീട്ടിലേക്കു കയറി വന്നപ്പോൾ, 'ഞനെന്റെ അടിമസ്ത്രീയെ മോചിപ്പിച്ചത് അങ്ങയ്ക്ക് അറിയുമോ' എന്ന് ചോദിച്ചു. നബി(സ) ചോദിച്ചു, 'അങ്ങനെ തന്നെയോ?' അവർ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, അങ്ങനെത്തന്നെ.' നബി(സ) പറഞ്ഞു: 'നീ ആ അടിമസ്ത്രീയെ നിന്റെ മാമായ്ക്കു കൊടുത്തിരുന്നെങ്കിൽ നിനക്ക് കൂടുതൽ പ്രതിഫലം കിട്ടുമായിരുന്നു.' [16]

ഈ ഹദീഥിൽനിന്ന് പരിശുദ്ധ പത്നിമാർക്ക് സ്വന്തം ഇഷ്ടപ്രകാരം തീരുമാനമെടുക്കാനുള്ള അധികാരവും ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു. പക്ഷേ, ഉടനെതന്നെ നബി(സ)തിരുമേനിയോടു പറഞ്ഞുകൊണ്ട് അനുസരണത്തിന്റെ ഉദാത്ത മാതൃക കാണിക്കുകയും ചെയ്തു.

ഈ പുസ്തകരചനയ്ക്കു സഹായമായ ഗ്രന്ഥങ്ങൾ:-
8. റൂഹാനീഖസായിൻ വാള്യം 23 ചശ്മയെ മഅ്രിഫഃ പേജ് 299,300.
9. ദീബാച്ചഃ തഫ്സീറുൽഖുർആൻ പേജ് 239,300.
10.സൂറഃ അഹ്സാബ് 31,32 (തർജമ ഹദ്ത്ത് ഖലീ ഫത്തുൽമസീഹ് ഥനീ (റ).
11. സൂറഃ അഹ്സാബ് 31,32 (തർജമ ഹദ്ത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)
12. അസ്വാബഃ വാള്യം 8 പേജ് 192, ഇബ്നു സഅ്ദിന്റെ പ്രമാണത്തോടുകൂടി.
13. അസ്വാബഃ വാള്യം 8 പേജ് 332.
14. തഫസീർ കബീർ വാള്യം 7 പേജ് 113,114.
15. മുസ്നദ് വാള്യം 6 പേജ് 332.
16. തജ്‌രീദ് ബുഖാരി മുതർജം വാള്യം 1, കിതാബുൽഹിബഃ ഹദീഥ് നമ്പർ 1126 പേജ് 411

(തുടരും)

## ഇർശാദുന്നബ്‌വി(സ)

"നമസ്കാര സ്ഥലങ്ങളിൽ അങ്ങാടിയിലേതു പോലെ ശബ്ദകോലാഹലങ്ങളുണ്ടാക്കുന്നത് നിങ്ങൾ സൂക്ഷിക്കണം."

(മുസ്‌ലിം)

ത്വാലിബെ ദുആ:
അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.




## ഇർശാദുന്നബ്‌വി(സ)

'നമ്മളിൽ ചെറിയവരോടു കരുണ ഇല്ലാത്തവരും പ്രായംചെന്നവരുടെ മഹിമ മനസ്സിലാക്കാത്തവരും നമ്മുടെ അനുയായികളിൽപ്പെട്ടവരല്ല."

(തുർമുദി)

ത്വാലിബെ ദുആ:
കെ.ടി.മഹ്മൂദ്, കൊടിയത്തൂർ.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-1 Thursday 27 October Issue-34

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# നിങ്ങളുടെ രാജ്യത്തോടുള്ള സ്നേഹം നിങ്ങളുടെ വിശ്വാസത്തിന്റെ ഭാഗമാണ്.

**2016 ആഗസ്റ്റു 30 ന് ജർമനയിലെ Frankenthal നഗരത്തിൽ മസ്ജിദ് നൂറിന്റെ ശിലാകർമവേളയിൽ അമീറുൽമുഅ്മിനീന്റെ പ്രഭാഷണം.**

**ഭാഗം-2**

ലോർഡ് മേയർ പറഞ്ഞു:‘നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്ന ഈ സ്ഥലം നഗരസ്വത്താണ്. അത് ഇന്ന് നിങ്ങളുടേതായിത്തീർന്നിരിക്കുന്നു.’ പക്ഷേ, ഞാൻ പറയുന്നു: ഞങ്ങളുടെ അഭിപ്രായത്തിൽ ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് മസ്ജിദ് അല്ലാഹുവിന്റെ ഭവനമാണ്. ഇത് ഏതെങ്കിലും വ്യക്തിയുടേയോ ആളുടേയോ ജമാഅത്തിന്റേയോ സ്വത്ത് ആയിരിക്കുകയില്ല. മറിച്ച് ഈ മസ്ജിദ് ഇൻശാ അല്ലാഹ് നിർമാണം പൂർത്തിയാകുമ്പോൾ ഇത് അല്ലാഹുവിന്റെ ഭവനമെന്ന നിലയിൽ അല്ലാഹുവിന്റെ സ്വത്തായിരിക്കും. അല്ലാഹുവിന്റെ ഭവനത്തെകുറിച്ച്, താൻ റബ്ബുൽആലമീനാണെന്ന് അല്ലാഹു വിശുദ്ധ ഖുർആനിലെ ആദ്യസൂറത്തിൽത്തന്നെ പറഞ്ഞു. ഞാൻ സർവലോകത്തിന്റേയും പ്രപഞ്ചത്തിന്റേയും റബ്ബാകുന്നു. എല്ലാവരേയും പരിപാലിക്കുന്നവനാകുന്നു. ഹിന്ദുക്കളുടേയും ദൈവമാകുന്നു. ക്രിസ്ത്യാനികളുടേയും യഹൂദികളുടേയും മുസ്‌ലീംകളുടേയും ദൈവമാകുന്നു. അതിനാൽ നമ്മൾ മസ്ജിദ് അല്ലാഹുവിന്റെ ഭവനമാണെന്ന് പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം ദൈവസൃഷ്ടികൾക്കുവേണ്ടി ഈ മസ്ജദിൽനിന്ന് അനുരക്തിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം പുറപ്പെടേണ്ടതാണ്. ഈ ദൈവഭവനത്തിൽ വരുന്നവരും അല്ലാഹുവിനെ ആരാധിക്കാൻ വരുന്നവരുമായവരിൽനിന്ന് സ്നേഹവും മൈത്രിയും സാഹോദര്യവും മാത്രമേ പരത്തുകയുള്ളൂവെന്ന വിളംബരം ഉണ്ടാകേണ്ടതാണ്. അവർ സൊസൈറ്റിയിലും സമൂഹത്തിലും ഈ പ്രദേശത്തും ശാന്തി പരത്തുന്നവരായിരിക്കും. നമ്മുടെ പക്കൽ അല്ലാഹുവിന്റെ ഭവനത്തിന് ഉന്നതമായൊരു സ്ഥനമാണുള്ളത്. അത് എല്ലാ അഹ്മദികളും അറിയുന്നവരാണ്.

ഈ ദൈവഭവനത്തിൽ നമസ്കരിക്കാൻ വരുമ്പോൾ, ആരാധനാകർമങ്ങൾ നിർവഹിക്കാൻ വരുമ്പോൾ നമ്മൾ ആരാധന നടത്തേണ്ട സ്ഥലത്തിനോടുള്ള കടമ നിറവേറ്റുന്നതിനോടൊപ്പം അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമയും നിറവേറ്റണമെന്നും പരസ്പരം അഹ്മദികളും സ്നേഹത്തോടും സാഹോദര്യത്തോടും കൂടി ജീവിക്കണമെന്നുള്ള വിചാരത്തോടുംകൂടി വരേണ്ടതാണ്. നമ്മുടെ അയൽവാസികളോടുള്ള കടമയും നിറവേറ്റേണ്ടതാണ്. അവരോടും സ്നേഹത്തോടും സാഹോദര്യത്തോടുംകൂടി പെരുമാറേണ്ടതാണ്.

നിങ്ങളുടെ അടുത്തുള്ളവർ, നിങ്ങളോടൊപ്പം ജോലിചെയ്യുന്നവർ, നിങ്ങളോടൊപ്പം യാത്രചെയ്യുന്നവർ, നിങ്ങളെ ആശ്രയിച്ചുനില്ക്കുന്നവരെല്ലാം നിങ്ങളുടെ അയൽവാസികളാണെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അതായത് അയൽവാസിത്വത്തിന്റെ ഒരു വിശാലമായ മൈതാനമാണ് ഒരു അഹ്മദീ മുസൽമാനുള്ളത്. എന്നല്ല യഥാർഥ മുസൽമാനുള്ളത്. ചുരുക്കത്തിൽ അയൽവാസിത്വത്തിന്റെ കടമ ഇത്ര വലുതാണ്. അല്ലാഹു നമ്മുടെ നബി(സ)തിരുമേനിക്ക് എത്രകണ്ട് ഉപദേശം നല്കിയെന്നാൽ അവിടന്ന് പറഞ്ഞു, അനന്തരാവകാശ നിയമത്തിൽ അയൽവാസിയേയും പെടുത്തിക്കളയുമോ എന്ന് ഞാൻ ധരിച്ചുപോയി. അയൽവാസിയും അനന്തരാവകാശത്തിന്റെ അവകാശിയാണെന്നതുപോലെയാണ് അതിന് പ്രാധാന്യം നല്കിയിരുന്നത്. ഈ പട്ടണത്തിൽ താമസിക്കുന്ന 184 അഹ്മദികളും അയൽവാസിക്ക് ഇസ്‌ലാം നൽകിയ നിർവചനമനുസരിച്ച് മുഴുവൻ പട്ടണവാസികളും അവരുടെ അയൽവാസികളായതുകൊണ്ട് അവരോടുള്ള കടമ നിറവേറ്റേണ്ടതാണ്. ഇന്നും ഈ കടമ നിറവേറ്റിക്കൊണ്ടിരിക്കുന്നുണ്ടെന്നാണ് ഞാൻ കരുതുന്നത്. മസ്ജിദ് നിർമിച്ചു കഴിഞ്ഞാൽ ആദ്യത്തെക്കാളുപരി ഈ കടമ നിറവേറ്റുമെന്നും ശാന്തിയുടേയും സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശം ആദ്യത്തെക്കാൾ കൂടുതൽ പ്രചരിപ്പിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ലോർഡ് മേയർ ഇങ്ങനേയും പറഞ്ഞു: ‘കെട്ടിടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത് കല്ലുകൾ കൊണ്ടാണ്. കല്ലുകൾ ബന്ധിപ്പിച്ച് ഒരു bond ഉണ്ടാക്കി അതിലൂടെ ഒരു അടയാളമുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇപ്രകാരം നമ്മൾ ചേർന്നിരിക്കേണ്ടതാണ്.’ ഇത് തീർച്ചയായും നല്ലൊരു കാര്യമാണ്. പക്ഷേ, നമ്മൾ കല്ലുകളുടേയും ഇഷ്ടികകളുടേയും കെട്ടിടം ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ആ ഇഷ്ടികകളെ ബന്ധപ്പിക്കുകയും ചെയ്യുമ്പോൾ ബാഹ്യമായ സങ്കല്പത്തിനു പുറമെ നമ്മൾ സ്നേഹത്തിന്റേയും മൈത്രിയുടേയും ഭിത്തികളെ കെട്ടിപ്പൊക്കിക്കൊണ്ടിരിക്കുകയാണെന്നൊരു സങ്കല്പവും നമുക്കുണ്ട്. സ്നേഹത്തിന്റേയും മൈത്രിയുടേയും സാഹോദര്യത്തിന്റേയും ഈ ഭിത്തികൾ ഒരിക്കലും വീഴാതെ നില്ക്കത്തക്ക നിലയിലാണ് നമ്മൾ ഇത് ബന്ധിപ്പിക്കുന്നത്. അവയുടെ ശക്തി എപ്പോഴും വർധിച്ചുകൊണ്ടിരിക്കണം. ഭിത്തികളുടേയും കെട്ടിടങ്ങളുടേയും ശക്തിക്ക് അവയിൽ മെയിന്റൻസ് ജോലി ചെയ്തുകൊണ്ടിരിക്കേണ്ടത് നിർബന്ധമാണ്. റിപ്പയർ ജോലി നടന്നുകൊണ്ടിരിക്കണം. അതുകൊണ്ട് ഇസ്‌ലാം നമ്മളോടു പറയുന്നത് നിങ്ങൾ ദീനിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുക എന്നാണ്. അല്ലാഹുവിനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റിക്കൊണ്ടിരിക്കുക. സ്വന്തം അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതിന് നിങ്ങളുടെ നിലവാരം ഉയർത്തിക്കൊണ്ടിരിക്കുക. സ്നേഹത്തിന്റേയും മൈത്രിയുടേയും ഈ ശക്തി നിലനിന്നാൽമാത്രംപോര അത് കൂടുതൽ കരുത്താർജിച്ചുകൊണ്ടിരിക്കണം. കല്ലുകൊണ്ടുള്ള ഭിത്തികളിൽ ശക്തിക്ക് പരിധികളുണ്ട്. അത് അവസാനിച്ചുപോകും. എത്രത്തോളം ഭിത്തികൾ ശക്തിയോടെ പണിതുവോ അത്രത്തോളം ശക്തിയോടെ അതു നിലകൊള്ളുന്നു. എന്നാൽ, സ്നേഹവും മൈത്രിയും കൊണ്ടു പടുത്തുയർത്തുന്ന ഭിത്തികൾക്ക് ഓരോ നമിഷവും reinforce ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവയിൽ കൂടുതൽ ശക്തി ഉണ്ടായിക്കൊണ്ടിരിക്കുന്നു. കെട്ടിടങ്ങൾ കെട്ടിപൊക്കുന്നതിന്റെ നമ്മുടെ സങ്കല്പമിതാണ്.

മരത്തിന്റെ ഉപഹാരം എനിക്ക് അവർ നല്കി. അതിനും നന്ദിപറഞ്ഞുകൊള്ളുന്നു. മരത്തിന്റെ വേര് ഭൂമിയിൽ ശക്തിയുള്ളതായിരിക്കും. ഈ വേരുകൾക്ക് ശക്തിയുള്ളതുപോലെ നിങ്ങളുടെ പാദങ്ങൾ ശക്തമാകും എന്നാണ് അവർ സങ്കല്പിച്ചത്. ഇവിടെയുള്ള നിങ്ങളുടെ താമസം നിങ്ങളുടെ വേരുകൾ ഈ മണ്ണിൽ നിങ്ങൾ നാട്ടിക്കൊണ്ടിരിക്കുന്നു എന്നതിന് തെളിവാണ്. പക്ഷേ, ഞങ്ങൾക്ക് ഇസ്‌ലാമികാധ്യാപനം മറ്റൊരു സങ്കല്പം കൂടി നല്കുന്നുണ്ട്. നിങ്ങൾ ഭൂമിയിൽ ശക്തമായ വേരുകളുള്ളതും ശാഖകൾ ആകാശംമുട്ടെ എത്തിയിട്ടുള്ളതുമായ മരമാകുക എന്നതാണത്. ശാഖകൾ ആകാശത്തോളമെത്തുമ്പോൾ അതിന്റെ ഉദ്ദേശ്യം അത് അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ച് നടക്കുന്നുവെന്നാണ്. അല്ലാഹുവിന്റെ കല്പന എന്നു പറയുന്നത് അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുക എന്നതാണ്. അതായത് ഭൂമിയിൽ നമ്മൾ വേരുകൾ ഉറപ്പിക്കുമ്പോൾ ആകാശംമുട്ടെ എത്തിയട്ടുള്ള ആ ശാഖകൾമുഖേന നമ്മൾ ഇവിടെത്തെ ആളുകൾക്കുവേണ്ടി സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും മൈത്രിയുടേയും ഫലമായിരിക്കും കൊണ്ടുവരുന്നത്. ജമാഅത്തിലെ ആളുകൾ ഇതുചെയ്തുകൊണ്ടിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ആന്റിഗ്രേഷന്റെ പ്രശ്നം വന്നു. മുസ്‌ലീംകൾ ആന്റിഗ്രേറ്റ് ആകുകയില്ല. ഇതുപൊതുവായ നിലയിലുള്ള സങ്കല്പമാണ്. എനിക്ക് ഇവിടെ താമസിക്കുന്ന കുട്ടികളോടു ചിലപ്പോൾ സംസാരിക്കുന്നത് പ്രയാസമാകാറുണ്ട്. കാരണം അവർ എത്രമാത്രം ആന്റിഗ്രേറ്റായി കഴിഞ്ഞിരിക്കുന്നുവെന്നാൽ അവർ കൊണ്ടു വന്ന ഭാഷ അല്ലെങ്കിൽ അവരുടെ മാതാപിതാക്കൾ സംസാരിച്ചിരുന്ന ഭാഷ മറന്നു കഴിഞ്ഞിരിക്കുന്നു. ജർമൻ ഭാഷ സംസാരിക്കുന്നു. ജർമൻ ഭാഷയിൽ സംസാരിച്ചുകൊണ്ടിരിക്കുന്ന വ്യക്തി തങ്ങളുടെ ഉദ്ദേശ്യം തദ്ദേശ ഭാഷയിലൂടെ പ്രകടിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ അർഥം തീർച്ചയായും അവൻ തന്നെ ഈ ചുറ്റുപാടിൽ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നാണ്. അവൻ ആകർഷിക്കപ്പെട്ടിരിക്കുന്നു. മതം മനസ്സിന്റെ കാര്യമാണ്. മതത്തിന്റെ കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ലെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

ഭാഷകൾ സംസാരിക്കുന്ന ആയിരക്കണക്കിന്നാളുകളുണ്ട്. ലോകത്ത് നൂറുക്കണക്കിന് ഭാഷകൾ സംസാരിക്കപ്പെടുന്നു. അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് നൂറുക്കണക്കിന് രാജ്യങ്ങളിലുണ്ട്. അവിടെ വിവിധ ആളുകൾ തങ്ങളുടേതായ ഭാഷകൾ സംസാരിക്കുന്നു. പക്ഷേ, അവർ തങ്ങളുടെ രാജ്യത്തോടു കൂറുപുലർത്തുന്നവരാണ്. തങ്ങളെ ഉൾക്കൊള്ളിച്ചിട്ടുള്ളവരുമാണ്. അതിനോടൊപ്പം തങ്ങളുടെ മതപരമായ അധ്യാപനങ്ങളിൽ പ്രവർത്തിക്കുന്നവരുമാണ്. നിങ്ങൾ രാജ്യത്തോടു നന്ദികേട് കാണിക്കണമെന്ന് വിശുദ്ധ ഖുർആനിൽ എവിടേയും പറയുന്നില്ല. മറിച്ച് നബി(സ)തിരുമേനി പറഞ്ഞത് നിങ്ങളുടെ രാജ്യത്തോടുള്ള സ്നേഹം നിങ്ങളുടെ ഈമാനിന്റെ ഭാഗമാണെന്നാണ്. രാജ്യത്തോടുള്ള സ്നേഹം നിങ്ങളുടെ ഈമാനിന്റെ ഭാഗമാകുമ്പോൾ യഥാർഥ മതത്തെ വിശ്വസിക്കുന്ന യഥാർഥ മുസൽമാൻ തന്റെ രാജ്യത്തോടു നന്ദികേടു കാണിക്കുന്നവനെങ്ങനെയാണ് ആകുക. അവൻ തീർച്ചയായും പൂർണമായ നിലയിൽ രാജ്യത്തിന്റെ നിയമങ്ങളെ അനുസരിക്കുന്നവനായിരിക്കും. രാജ്യത്തിന്റെ പുരോഗതിക്കുവേണ്ടി തന്റെ എല്ലാ കഴിവുകളും ഉപയോഗിക്കുന്നവനായിരിക്കും. ഇക്കാര്യം നമ്മുടെ ഉള്ളിലുണ്ടാകണമെന്നാണ് ഞാൻ ജമാഅത്തംഗങ്ങളോടു പറയുന്നത്. രാജ്യത്തോടുള്ള സ്നേഹം ഒരു ദൃഷ്ടാന്തമായിത്തീരണം. അഹ്മദി എല്ലാവരെക്കാളുമധികം നിയമം പാലിക്കുന്നവരാണെന്നും അഹ്മദി എല്ലാവരെക്കാളുമധികം രാജ്യത്തിന്റെ പുരോഗതിയിൽ ഭാഗഭാക്കാണെന്നും അഹ്മദി എല്ലാവരെക്കാളുമധികം തന്റെ ചുറ്റുപാടിൽ സ്നേഹത്തിന്റേയും മൈത്രിയുടേയും സമാധാനത്തിന്റേയും സന്ദേശം പ്രചരിപ്പിക്കുന്നവരാണെന്നും തങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി ഈ ജോലി നിർവഹിക്കുന്നവരാണെന്നും ലോകത്തിന് കാണാൻ കഴിയണം. ഇതാണ് ഇസ്‌ലാമികാധ്യാപനം. **(ശേഷം പേജ് 7ൽ)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin